

# അൽഫസ്ല്


പുസ്തകം 20 | ലക്കം 12 | ഡിസംബർ 2012 | ഫത്തഹ് 1391 | മുഹറം – സഫർ 1434



## ജൽസ മേളയല്ല

ജമാഅത്തിന്റെ, ഈ ജൽസ മേളയല്ല, മേളയാണെന്ന് കരുതി പങ്കെടുക്കുകയുമരുത്. വെറും കൂടിക്കാഴ്ചയും, സാധനങ്ങൾ വാങ്ങലും ഫാഷൻ പ്രദർശനവുമാകരുത് ജൽസ. പരസ്പരം കാണുമ്പോൾ പുഞ്ചിരിയോടെ അഭിവാദനം ചെയ്യുക. എന്തെങ്കിലും അസ്വാരസ്യങ്ങൾ ഉണ്ടായിരുന്നെങ്കിൽ ഈ മൂന്ന് ദിവസം പുഞ്ചിരിച്ചുകൊണ്ട് അവയെ ഇല്ലാതാക്കുക. നന്മകൾ പരത്തുക, നന്മയെ കുറിച്ച് ഉപദേശിക്കുകയും, തിന്മകളെ വിരോധിക്കുകയും ചെയ്യുക. ഇത് ജൽസയുടെ ഉദ്ദേശ്യ ലക്ഷ്യവുമാണ്. ആയതിനാൽ ജൽസക്ക് വരുന്നവർ കറങ്ങിത്തിരിയാതെ ജൽസയുടെ പരിപാടികളിൽ നിന്ന് പ്രയോജനമെടുക്കുകയും പരിശ്രമിക്കുകയും, അതിൽ ഭാഗഭാക്കാകുകയും വേണം.സ്ത്രീകളും കുട്ടികളും നിശബ്ദരായിരുന്ന് ജൽസ കേൾക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അതിൽ നിന്ന് പ്രയോജനമെടുക്കുകയും ചെയ്യേണ്ടതാണ്.





AHMADIYYA MUSLIM JAMA'AT INDIA

121ST JALSA SALANA 2012

29TH, 30TH & 31ST DECEMBER


2 പുതുവർഷം

9 സഹനവും വിനയവും കരസ്ഥമാക്കുക

11 ഉണ്ടോ യഥാർത്ഥ മുസ്ലിം ?

3 അശ്രദ്ധരായ നമസ്കാരക്കാർക്ക് നാശം

10 താടി വടിച്ച് ഇസ്ലാമിനെ അപമാനിക്കരുത്

14 നവജാത ശിശു




# പുതു വർഷത്തെ എങ്ങിനെ വരവേൽക്കാം?

**പുതിയ വർഷം** ആരംഭിക്കുകയാണ്. ഓരോ പുതുവർഷവും അതിന്റെ ഉത്തരവാദിത്വങ്ങൾ കൂടെ കരുതുന്നു. കഴിഞ്ഞ വർഷം നാം ചെയ്ത കാര്യങ്ങൾ നമ്മുടെ കഴിവിനും പ്രാപ്തിക്കും അതീതമായതായിരുന്നു. ധാരാളം പ്രവർത്തനങ്ങളിൽ നമുക്ക് വലിയ സഫലതകൾ കരസ്ഥമായി. എന്നാൽ അത് നമ്മുടെ പ്രയത്ന ഫലമായിട്ടല്ല പ്രത്യുത, അത് കേവലം അല്ലാഹുവിന്റെ അനുഗ്രഹവും അവന്റെ ഔദാര്യവുമായിരുന്നു. ചില പ്രവർത്തനങ്ങളിൽ നമ്മുടെ അശ്രദ്ധയും അലംഭാവവും തടസ്സമായി.

അല്ലാഹുവിന്റെ നാമത്തെ മഹത്വപ്പെടുത്തുന്നതിനായുള്ള നമ്മുടെ ഓരോ പരിശ്രമങ്ങളും, നമ്മുടെ പ്രവർത്തനങ്ങളും, ആ മാർഗത്തിൽ നാം വെക്കുന്ന ഓരോ ചുവടുവെപ്പും, നമ്മുടെ ഓരോ പ്രതീക്ഷകളും എല്ലാം തന്നെ ഒരു ബീജത്തിന് സമമാകുന്നു. അതിന്റെ ഭാവി അല്ലാഹുവിന്റെ കയ്യിലാകുന്നു. അടുത്ത വർഷം എത്തരത്തിലുള്ളതായിരിക്കുമെന്നും അല്ലാഹുവിന്റെ എന്തെല്ലാം അനുഗ്രഹങ്ങളും ഔദാര്യങ്ങളും അതിനോടൊപ്പം ഉണ്ടായിരിക്കുമെന്നും നമുക്കറിയില്ല. അതിനാൽ ഞാൻ ദുആ ചെയ്യുന്നു, അല്ലാഹു ഈ വർഷത്തെ നമുക്ക് അനുഗ്രഹീതമാക്കി തരട്ടെ. സ്വയം അവൻ നമ്മുടെ സഹായിയായി മാറട്ടെ. നമ്മുടെ കാലടികളെ വഴികേടിൽ നിന്നും കളവിൽ നിന്നും പിഴവിൽ നിന്നും സംരക്ഷിക്കട്ടെ. നമ്മുടെ ഹൃദയവും നാവുകളും അവയവങ്ങളും സംഭാഷണങ്ങളും എല്ലാ കർമങ്ങളും അവനുവേണ്ടി മാത്രമായിത്തീരുന്നതിനായി അവന്റെ സഹായവും പിന്തുണയും നമ്മോടൊപ്പമുണ്ടായിരിക്കട്ടെ. നമ്മുടെ ആഗ്രഹങ്ങൾ അവന്റെ ആഗ്രഹത്തിന് അധീനമായിരിക്കട്ടെ. നമുക്ക് സാഹചര്യങ്ങൾ ലഭിക്കട്ടെ. നമ്മുടെ ശ്രമങ്ങളിൽ അനുഗ്രഹമുണ്ടാകട്ടെ. ഞാൻ സൂചിപ്പിച്ചതുപോലെ പരിണിത ഫലത്തിന്റെ അടിസ്ഥാനത്തിൽ ഭൂതകാലത്തിൽ നിന്നും ഭാവികാലം ഉന്നതവും പരിപൂർണ്ണവുമായിരിക്കട്ടെ.

ഓരോ വർഷത്തോടൊപ്പവും നവംനവങ്ങളായ പ്രവർത്തനങ്ങൾ രൂപപ്പെടുന്നു. ഓരോ വർഷവും മനുഷ്യർ തങ്ങൾക്കായി ഒരു നവ ഉദ്ദേശ്യ ലക്ഷ്യം നിർണ്ണയിക്കേണ്ടതാണ്. അതിനാൽ നാമും ഈ പുതു വർഷത്തിലേക്കായി ഒരു ഉദ്ദേശ്യലക്ഷ്യം നിർണ്ണയിക്കുകയാണ്............

എന്നോട് പറയപ്പെട്ട കാര്യമാണ് ഉദ്ദേശ്യമായി ഞാൻ നിർണ്ണയിക്കുന്നത്. നമ്മുടെ നാഥൻ ആഗ്രഹിക്കുന്നത് നാം നിരന്തരമായി വിദൂരനാടുകളിൽ അല്ലാഹുവിന്റെ സത്യത്തിന്റെയും സമാധാനത്തിന്റെയും മതത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കുക എന്നതാണത്. നമ്മുടെ നാഥനാണ് ഈ നിർദ്ദേശം നൽകിയിരിക്കുന്നത്..................... നാം അവന്റെ സത്യവും പരിശുദ്ധവുമായ അദ്ധ്യാപനത്തെ വീണ്ടും വീണ്ടും ലോകത്തെ ഓരോ മുക്കിലും മൂലയിലും എത്തിക്കുക. ആരെയും ഭയപ്പെടരുത്. ഇതാണ് ആ സ്രഷ്ടാവ് നമുക്ക് നൽകിയിരിക്കുന്ന കല്പന. ഒരു പക്ഷെ അവന്റെ അറിവിൽ ഈ വർഷം നമ്മുടെ വിജയങ്ങൾക്കായി മറ്റ് വർഷങ്ങളെക്കാൾ ഉത്തമമായിരിക്കാം. ഈ വർഷം മുൻവർഷത്തെ അപേക്ഷിച്ച് മഹത്വത്തിലും സൽഫലങ്ങളിലും ഉന്നതമായിരിക്കാം. മുൻ വർഷങ്ങളിൽ കാണാൻ സാധിക്കാത്ത നിലയിൽ ജനങ്ങൾ ഈ ജമാഅത്തിലേക്ക് പ്രവേശിച്ചേക്കാം...................................

അതിനാൽ അറിവുള്ളവനോ പാമരനോ ആയിക്കോള്ളട്ടെ ഓരോരുത്തരും മുബല്ലിഗായിക്കൊണ്ട് പരിപൂർണ്ണമായും തബ്‌ലീഗിനായി ശ്രമിക്കേണ്ടതാണ്. കഴിയുന്നിടത്തോളം അറിവ് സമ്പാദിക്കുക. അല്ലാഹുവിന്റെ തേജസ്സ് വെളിപ്പെടുന്നതിനും ജനങ്ങൾ ആത്മാർത്ഥതയോടു കൂടി അവന്റെ ഭരണത്തെ സ്വീകരിക്കുന്നതിനുമായി അവന്റെ അദ്ധ്യാപനങ്ങളും നിർദ്ദേശങ്ങളും ലോകത്തേക്കെത്തിക്കുക. ഭൗതികർ അജ്ഞത നിമിത്തം മറ്റ് ഏർപ്പാടുകളിൽ ലീനരും വ്യാപൃതരുമാണ്. തങ്ങളുടെ ശരീരേച്ഛകളിലും വികാരങ്ങളിലും കുടുങ്ങിക്കിടക്കുകയാണ്. തങ്ങളുടെ ഭൗതീക ഉയർച്ചയെയും അന്തസ്സിനെയും പ്രൗഢിയെയും കുറിച്ച് മാത്രമാണവരുടെ ചിന്ത. നമ്മുടെ ഹൃദയത്തിൽ എന്തെങ്കിലും ചിന്തയുണ്ടെങ്കിൽ അത് കേവലം അവന്റെ ദീനിനെ കുറിച്ചുള്ള ചിന്തയായിരിക്കട്ടെ. അവന്റെ ദീനിന് വേണ്ടി ഏറ്റവും ഉത്തമമായ നിലയിൽ കൂടുതൽ കൂടുതലായി പ്രയത്നിക്കുന്നതിനുള്ള തൗഫീഖ് നമുക്ക് ലഭിക്കട്ടെ. നമുക്ക് വീണ്ടും വീണ്ടും ആ സേവനത്തിന്റെ ബഹുമതി ലഭിക്കട്ടെ.

ആമീൻ അല്ലാഹുമ്മ യാ റബ്ബ്.


*(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) 2.1.1925)*



**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ)**

# തഫ്സീർ

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)



فَوَيۡلٌ لِّلۡمُصَلِّيۡنَۙ ﴿٥﴾
الَّذِيۡنَ هُمۡ عَنۡ صَلَاتِهِمۡ سَاهُوۡنَۙ ﴿٦﴾

## അപ്പോൾ, തങ്ങളുടെ നമസ്കാരത്തെപ്പറ്റി, അശ്രദ്ധരായ നമസ്കാരക്കാർക്ക് നാശം

الَّذِيۡنَ هُمۡ عَنۡ صَلَاتِهِمۡ سَاهُوۡنَۙ ﴿٦﴾ എന്നതിൽ വൈലുൻ എന്ന പദത്തിൻ മുൻപായി 'ഫാഅ് ' ഉപയോഗിച്ചിരിക്കുന്നു, മുൻപ് വിവരിച്ച അവസ്ഥകളും നമസ്കാരക്കാരെ ക്കുറിച്ചു തന്നെയുള്ളതാണ് എന്നതിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. മുൻവിവരിച്ച അവസ്ഥകൾ നമസ്കാരക്കാരെ കുറിച്ചുള്ളതാണ്. എന്നത് അംഗീകരിക്കുന്നില്ലെങ്കിൽ ഈ ആയത്തിന്, മുൻപുള്ള ആയത്തുകളുമായി ഒരു ബന്ധവും ഉള്ളതായി മനസ്സിലാവുകയില്ല. അതായത് കളവാക്കുന്നതും വിരട്ടിയോടിക്കുന്നതുമൊക്കെ മറ്റാരെ ങ്കിലും, ശാപം നമസ്കാരക്കാരിലും. ഇത് ബുദ്ധിക്കു വിപരീതമാണ്. അതുകൊണ്ട് മുൻ ആയത്തുകളിലും നമസ്ക്കാരക്കാരെ കുറിച്ച് തന്നെയുള്ള പരാമർശമാണ്.

ഞാൻ മുൻപ് പറഞ്ഞിട്ടുള്ളതുപോലെ മുപ്പതാമത്തെ ജുസുഅ് ലെ അവസാനസൂറത്തുകൾ ഇടവിട്ട് ആദ്യത്തേയും അവസാനത്തേയും കാലഘട്ടങ്ങളെ പ്രതിപാദിക്കുന്നവയാണ്. സൂറത്തുൽ ഫീൽ അവസാനകാലവുമായി ബന്ധപ്പെട്ടവയായിരുന്നു. എന്നാൽ സൂറാ ഖുറൈശ് മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ കാലഘട്ടവുമായി ബന്ധപ്പെട്ടതായിരുന്നു. ഈ ക്രമമനുസരിച്ച് ഈ സൂറത്ത് വീണ്ടും അവസാനകാലത്തെ കുറിച്ചുള്ളതാണ്. മുൻ ആയത്തുകളിലും പരാമർശവിധേയമാക്കപ്പെട്ടിരിക്കുന്നത് മുസ്‌ലിംകളേയും നമസ്ക്കാരക്കാരേയും സംബന്ധിച്ചുള്ളതാണ് എന്ന യാഥാർത്ഥ്യവും ഇതിനെ സാക്ഷ്യപ്പെടുത്തുന്നു.

മുസ്‌ലിംകളും നമസ്കാരക്കാരും ദീനിന്റെ നിഷേധികളാക്കുന്നതെങ്ങിനെ എന്നത് പറയാൻ കഴിയില്ല. സംഭവങ്ങൾ നമ്മോട് പറയുന്നത് വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളുണ്ടായിട്ടും മുസ്‌ലിംകളിൽ ഒരു വിഭാഗം പുനരുത്ഥാനനാളിൽ വിശ്വസിക്കാത്തവരാണ്. മുസ്‌ലിംകളിലെ ഒരു വിഭാഗം തന്നെയാണ് ഇങ്ങനെ പറയുന്നതും "ഈഹ ജഗ് മിഠാതെ, അഗ്‌ലെ കിസ്‌നെ ഡിഠാ" (പഞ്ചാബി ചൊല്ലാണിത്. അതിന്റെ അർത്ഥം "ഈ ലോകം മാധുര്യമുള്ളതാണ്. അടുത്ത ലോകത്തിനു വേണ്ടി ഈ ലോകത്തിലെ ആനന്ദങ്ങൾ ഉപേക്ഷിക്കാൻ ആ ലോകം ആരു കണ്ടു.")

ഇത്തരം ആളുകളുടെ മുൻപാകെ ഇസ്‌ലാമിന്റെ തത്വങ്ങൾ വിവരിച്ചാൽ വായകൊണ്ട് ***ആമന്നാ വസ്വദ്ദഖ്നാ*** എന്നു പറയുന്നെങ്കിലും ഹൃദയം കൊണ്ട് അവരതിൽ വിശ്വസിക്കുകയില്ല. ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നുവെന്ന് വായകൊണ്ട് പറയുകയും ഹൃദയാന്തരത്തിൽ മാലിന്യവും ഉള്ള ആളുകൾ ഈ അവസാനകാലത്തെ മുസ്‌ലിംകൾ തന്നെയാണ്. അനാഥരെ വിരട്ടിയോടിക്കുകയും, അഗതികളെ ശ്രദ്ധിക്കുന്നുമില്ല. സിനിമ കാണുകയും നൃത്തഗാനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നു. പുറത്തേക്ക് വന്നാൽ അല്ലാഹു അക്ബർ എന്ന മുദ്രാവാക്യം മുഴക്കുകയും ചെയ്യുന്നു. എന്നിട്ട്, ശരീഅത്ത് അനുസരിച്ച് പ്രവർത്തിക്കാത്ത ഭരണകൂടത്തെ തകർത്തിടുക എന്ന് പറയുന്നു. അവരുടെ സ്ത്രീകൾ സിനിമ കാണുവാനും നൃത്തസംഗീത പരിപാടികളിൽ പോകുകയും അവിടെ വളരെ വൃത്തികെട്ട പ്രവൃത്തികൾ കാണുകയും ചെയ്യുന്നു. സിനിമകളിൽ സ്ത്രീയും പുരുഷനും പരസ്പരം ചുംബിക്കുന്നു. എന്നാൽ ഇസ്‌ലാം നൽകിയിരിക്കുന്ന അദ്ധ്യാപനം എത്രത്തോളമെന്നാൽ ഭാര്യാഭർത്താക്കന്മാർ വിശ്രമിക്കുന്ന സന്ദർഭങ്ങളിൽ സ്വന്തം കുട്ടിയാണെങ്കിൽ പോലും അനുവാദം ചോദിച്ച് കൊണ്ടേ അകത്തേക്ക് പ്രവേശിക്കാവൂ എന്നതാണ്. എന്നാൽ ഇവിടെ അഭിനേതാക്കളുടെ കുട്ടികളുമല്ല ഉണ്ടായിരിക്കുക. അന്യരുടെ കുട്ടികളായിരിക്കും ഉണ്ടാകുക. വളരേയധികം വൃത്തികെട്ട പ്രവർത്തികൾ സിനിമയിൽ ഉണ്ടാകുന്നു. എന്നിട്ടും ഇസ്‌ലാമിക ശരീഅത്തിന്റെ മുദ്രാവാക്യം മുഴക്കുകയും ചെയ്യുന്നു.

വാക്കുകൾ കൊണ്ടംഗീകരിക്കുകയും പ്രവൃത്തിയിൽ ഒന്നുമില്ല എന്നത് എന്തുമാത്രം കിറുക്കത്തരമാണ്. അതുകൊണ്ട് ദീനിനെ കളവാക്കുന്നവൻ എന്ന വാക്കുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് സത്യനിഷേധികളേയാണ് എന്ന് ധരിക്കാൻ കഴിയില്ല. മുസ്‌ലിംകളിലും അങ്ങിനെ ഒരു നാൾ വന്നെത്തും. അത് വന്നെത്തുകയും ചെയ്തിരിക്കുന്നു. അവരെ അഭിസംബോധന ചെയ്തുകൊണ്ട് തന്നെയാണ് പറയുന്നത് അത്തരം ആളുകൾ ശാപഗ്രസ്തരാണ് എന്ന്. നമസ്കരിക്കുകയും ഇത്തരം പ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവർ ഇസ്‌ലാമിനെ തന്നെ നിഷേധിക്കുകയായിരുന്നെങ്കിൽ അതായിരുന്നു ഉത്തമം. കുറഞ്ഞ പക്ഷം മുഹമ്മദ് റസൂലുല്ലാഹ്(സ)ക്ക് ദുഷ്പേര് ഉണ്ടാകുകയില്ല. എല്ലാ ആരോപണങ്ങളും അദ്ദേഹത്തിലാണ് ഏൽക്കുന്നത്. അതുകൊണ്ട് 'ഫാഅ് ' എന്നതുപയോഗിച്ചുകൊണ്ട് ആദ്യത്തെ പരാമർശം മുസ്‌ലിംകളെ കുറിച്ചുള്ളതാണ്.

അബൂ ജഹൽ നമസ്കരിക്കാറൊന്നുമുണ്ടായിരുന്നില്ല. 'അൽ മുസല്ലിൻ ' എന്നതിന്റെ അർത്ഥം മുൻപ് പരാമർശിക്കപ്പെട്ടിട്ടുള്ള മുസ്‌ലിംകളിൽ ശാപം എന്നതാണ്. ഇവിടെ നമസ്കരിക്കുന്നവരിൽ ശാപമെന്തിന് എന്നുള്ള ചോദ്യമുദിക്കുന്നു. നമസ്കരിക്കുന്നവർക്ക് ഇവിടെ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ഫലമൊന്നുമല്ലല്ലോ ലഭിക്കേണ്ടത്.

വിശുദ്ധഖുർആനിൽ മറ്റൊരിടത്ത് അല്ലാഹു പറയുന്നു. ' ***ഇന്നസ്സ്വലാത്ത തൻഹാ അനിൽ ഫഹ്ശാഇ വൽ മുൻകർ'*** അതായത് നമസ്കാരം തിന്മകളിൽ നിന്നും നീചകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. എന്നാൽ ഇവിടെ പറയുന്നു فَوَيۡلٌ لِّلۡمُصَلِّيۡنَۙ ﴿٥﴾ എന്ന്. അതായത് നമസ്കാരക്കാരിൽ അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ. ഇതിനുള്ള മറുപടി അടുത്ത ആയത്തിൽ നൽകിയിരിക്കുന്നു الَّذِيۡنَ هُمۡ عَنۡ صَلَاتِهِمۡ سَاهُوۡنَۙ ﴿٦﴾ പറയുന്നു. വെറും പ്രകടമായ രീതിയിൽ നമസ്കരിക്കുന്ന ആളുകളാണ് അവർ. ഹും എന്നുള്ള സർവ്വനാമം ഉപയോഗിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നത് അവർ പലപ്പോഴും നമസ്കാരം ഉപേക്ഷിക്കുകയും ചെയ്യുന്നു. الَّذِيۡنَ هُمۡ عَنۡ صَلَاتِهِمۡ سَاهُوۡنَۙ ﴿٦﴾ അവർ നമസ്കരിക്കുന്നവരിൽ അശ്രദ്ധ കാണിക്കുകയാണ് ചെയ്യുന്നത്. ഇതിൽ നിന്നും അവർ നമസ്കാരത്തെ പാടെ ഉപേക്ഷിക്കുന്നവരല്ലേ എന്നു വ്യക്തമാണ്. അതുകൊണ്ടു തന്നെയാണ് '**അവരുടെ നമസ്കാരങ്ങൾ**' എന്നു പ്രയോഗിച്ചിരിക്കുന്നത്. നമസ്കരിക്കുന്നവരാണ് എന്ന വാദമുള്ളവരാണ് അവർ, പക്ഷെ അവർ പലപ്പൊഴും നമസ്കാരം ഉപേക്ഷിക്കുകയും നമസ്കാരത്തിൽ അശ്രദ്ധ കാണിച്ചുകൊണ്ട് അത് മോശമാക്കുകയും ചെയ്യുന്നു


അൻ എന്നതിനെ പ്രയോഗിച്ചുകൊണ്ട് പറയുന്നത്, അവർ അബദ്ധത്തിലല്ല മറിച്ച് അറിഞ്ഞുകൊണ്ട് തന്നെ നമസ്കാരങ്ങൾ ഉപേക്ഷിക്കുകയും അവർക്കു നമസ്കാരത്തോട് യാതൊരു ഇഷ്ടവുമില്ല എന്നാണ്. അതായത് ഇത്തരം ആളുകളിൽ രണ്ടുവിധത്തിലുള്ള ന്യൂനതകൾ ഉണ്ടാകുന്നു. ഒന്ന് അവർ പ്രകടമാക്കുന്നത് അല്ലാഹുവിന്റെ നമസ്കാരമാണ് നമസ്കരിക്കുന്നത് എന്നാണ്. എന്നാൽ അവർ അവരുടെ നമസ്കാരമാണ് നിർവ്വഹിക്കുന്നത്.

രണ്ടാമതായി, അവർ നമസ്കരിച്ചുകൊണ്ട് അതിലേക്ക് വേണ്ടത്ര ശ്രദ്ധ നൽകാറില്ല എന്നതാണ്. അതേക്കുറിച്ച് അവരുടെ ഹൃദയത്തിൽ ഒരു വിധത്തിലുള്ള ചിന്തയുമില്ല വെറും ഒരാചാരം എന്ന നിലക്കാണ് നിർവ്വഹിക്കുന്നത്. നമസ്കരിച്ചില്ലെങ്കിൽ സമൂഹം എന്തു പറയും എന്നു വിചാരിച്ചാണ് അവർ നമസ്കരിക്കുന്നത്. ബന്ധുക്കൾ ദേഷ്യപ്പെടും. ഭാര്യ നമസ്കരിക്കുന്നവളാണെങ്കിൽ കുത്തിപ്പറയും, പിതാവ് നമസ്കരിക്കുന്നവരാണെങ്കിൽ അദ്ദേഹം മോശമായിക്കരുതും. സഹോദരൻ നമസ്കരിക്കുന്നവനാണെങ്കിൽ മോശം വിചാരിക്കും. എന്നാലോ അവരിരുകൂട്ടരും പരസ്പരം ഭയന്നുകൊണ്ടാണ് നമസ്കരിക്കുന്നത്. മുല്ലാ നമസ്കരിക്കുന്നത് തുടർന്നു നമസ്കരിക്കുന്ന ആളുകൾ കാരണമാണ്. ആളുകൾ നമസ്കരിക്കുന്നത് മുല്ലാ കാരണമാണ്.

ചുരുക്കത്തിൽ സമൂഹം മൊത്തം ഇല്ലാ മാശാ അല്ലാഹ് പരസ്പരം കാണിക്കാൻ വേണ്ടിയാണ് നമസ്കരിക്കുന്നത്. അതുകൊണ്ട് തന്നെ അവർ സത്യനിഷേധികളുടെ നാട്ടിൽ പോകുമ്പോൾ നമസ്കാരം ഉപേക്ഷിക്കുന്നു, ഇസ്‌ലാമികസദസ്സുകളിലൊഴികെ. അങ്ങിനെയാകുന്ന പക്ഷം നല്ല തൊങ്ങലുള്ള തലപ്പാവുമണിഞ്ഞ് കൂട്ടത്തിനിടയിലൂടെ ചുറ്റിക്കറങ്ങിക്കൊണ്ട് തങ്ങൾ നമസ്കാരക്കാരാണ് എന്ന പെരുമ്പറ കൊട്ടിയറിയിക്കുന്നു. അല്ലെങ്കിൽ ഏതെങ്കിലും വലിയ ആളുകൾ മരിക്കുകയാണെങ്കിൽ. ആ ജനാസയിൽ പങ്കെടുത്തുകൊണ്ട് തങ്ങളുടെ ദീൻ വിളിച്ചറിയിക്കുന്നു. എന്നാൽ അവർക്ക് ആഖിറത്തിൽ ദൃഢവിശ്വാസമില്ലായെങ്കിൽ പരലോകജീവിത്തിൽ എങ്ങിനെ ദൃഢവിശ്വാസം ഉണ്ടാകും. പരലോക ജീവിതത്തിൽ ദൃഢവിശ്വാസമില്ലായെങ്കിൽ പിന്നെ ജനാസയുടെ അർത്ഥമെന്താണ്. യഥാർത്ഥത്തിൽ ഈ ജനാസ, മരണപ്പെട്ടവർക്കു വേണ്ടിയുള്ളതല്ല. അവരുടെ സ്വന്തം വിശ്വാസത്തിന്റെ കള്ളപ്പെരുമ്പറ കൊട്ടുകയാണ്. എന്തുകൊണ്ടാണെന്നാൽ വലിയ ആളുകളുടെ മരണസമയത്ത് കൂടുതൽ ആളുകൾ സംഘടിക്കുന്നു. അപ്പോൾ അവരുടെ വിശ്വാസത്തെ പ്രകടിപ്പിക്കാൻ അവർക്ക് നല്ല അവസരം ലഭിക്കുകയും ചെയ്യുന്നു.

*(തഫ്സീർ കബീർ വാള്യം 10 പേജ്: 222 224)*

*സമ്പാ: നജ്മുദ്ദീൻ*






# അൽഹഖ്

വാർത്താപത്രിക

2012 ഡിസംബർ
പുസ്തകം 20 ലക്കം 12

## ജൽസാ സാലാനാ
### ഒരു ദിവ്യദൃഷ്ടാന്തം

വിശുദ്ധഖുർആൻ അവസാന കാലഘട്ടത്തിന്റെ ചർച്ചയിൽ ഒരിടത്ത് പറയുന്നു വ ഇദന്നുഫൂസു സുവ്വിജത്ത് അതായത് ജനങ്ങൾ ഒരുമിച്ച് കൂട്ടപ്പെടും. പല ആവശ്യങ്ങൾക്കും ജനങ്ങൾ സംഘടിക്കാറുണ്ട്. എന്നാൽ അല്ലാഹുവിന്റെ പ്രീതി മാത്രം മുൻനിർത്തി ഒരുമിച്ച് കൂടുമ്പോൾ അത്തരം സംരംഭം സാർഥകമാണ്. അതാണ് ജൽസാ സാലാനയെ ഭൗതിക സമ്മേളനങ്ങളിൽ നിന്ന് വ്യതിരിക്തമാക്കുന്നത്.

വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ് (അ) ജൽസാ സാലാനയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ വിശദീകരിച്ചു കൊണ്ട് പറയുന്നു; "ഈ ജൽസാ സാലാനയെ ജനങ്ങളുടെ സാധാരണ സമ്മേളനങ്ങളെപ്പോലെ കരുതരുത്. ഇതിന്റെ അടിത്തറ തികച്ചും ദൈവിക സഹായത്താലും സത്യദീനിന്റെ വചനങ്ങളുടെ അഭ്യുന്നതിയിലുമാണ്. ഈ ശൃംഖലയുടെ അടിസ്ഥാന ശില അല്ലാഹു തന്റെ കരങ്ങളാൽ വെച്ചിരിക്കുന്നു. ഇതിന്ന് വേണ്ടി സമൂഹങ്ങളെ തയ്യാറാക്കിയിരിക്കുന്നു, അവ എത്രയും വേഗം ഇതിൽ വന്ന് ചേരുന്നതാണ്."ഹുസൂർ (അ) ന്റെ വാക്കുകളെ സാക്ഷാൽക്കരിച്ചുകൊണ്ട് ലോകത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങൾ ജൽസയുടെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. മാത്രമല്ല മിക്കവാറും എല്ലാ രാജ്യങ്ങളിലും ഇന്ന് ജൽസാ സാലാന സംഘടിപ്പിക്കപ്പെടുകയും ചെയ്യുന്നു. തികച്ചും ദൈവസ്മരണയിലധിഷ്ഠിതമായ ദിനരാത്രങ്ങൾ വിശ്വാസത്തിന് നവജീവനും കരുത്തുമാണ് പ്രദാനം ചെയ്യുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു; "ഈ ജൽസയുടെ ഒരു വലിയ ലക്ഷ്യം, ഓരോ ആത്മാർഥതയുള്ള വ്യക്തിക്കും നേർക്കുനേരെ ദീനീ പ്രയോജനങ്ങൾ നേടാനുള്ള അവസരം ലഭിക്കുന്നുവെന്നതാണ്. അവരുടെ അറിവ് വർദ്ധിക്കുകയും അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും സൗഭാഗ്യവും മുഖേന ആത്മീയജ്ഞാനങ്ങൾ അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നതാണ്. ഇതോടനുബന്ധിച്ചുള്ള മറ്റൊരു നേട്ടം, ഇത്തരം കൂടിക്കാഴ്ചകളിലൂടെ സഹോദരങ്ങളുമായി പരിചയം വർദ്ധിക്കുകയും ഈ ജമാഅത്തിന്റെ സാഹോദര്യബന്ധം സുദൃഢമാവുകയും ചെയ്യുന്നതാണ്."

ചുരുക്കത്തിൽ ഹുസൂർ (അ)ന്റെ ഓരോ ഇംഗിതവും പൂർത്തിയാക്കുന്നതാണ് ജൽസാ സാലാനകളെല്ലാം. മറുഭാഗത്ത് ഖാദിയാന്റെ മണ്ണിൽ തന്നെ ഈ ശബ്ദത്തെ ഒതുക്കാൻ ശ്രമിച്ച എതിരാളികൾ നിശ്ശബ്ദരായി തിരോഭവിക്കുകയും ചെയ്യുന്നു.

## മരണമല്ലാതെ മറ്റ് മാർഗമില്ല

മരണം വന്നെത്തുന്നതാണ്. മറ്റ് മാർഗമൊന്നുമില്ല. അതിൽ നിന്ന് രക്ഷപ്പെടുക അസാധ്യമാകുന്നു എന്ന് നിശ്ചയമായും മനസ്സിലാക്കി കൊള്ളുക. അല്ലാഹുവിന്റെ എല്ലാ സാത്വികരായ ദാസർക്കും പ്രവാചകന്മാർക്കും ദൂതന്മാർക്കും പ്രസ്തുത മാർഗത്തിലൂടെ കടന്നു പോകേണ്ടി വന്നിട്ടുണ്ട്. അപ്പോൾ മറ്റുള്ളവർക്ക് അതിൽ നിന്നെന്ത് രക്ഷ?........... എന്നാൽ മരണം വന്നെത്തുമ്പോൾ സ്വന്തം ആയുസ്സ് ഭൗതികത കരസ്ഥമാക്കുന്നതിൽ പാഴാക്കിയവരും അല്ലാഹുവുമായി യഥാർത്ഥ ബന്ധം സ്ഥാപിക്കാത്തവരും ധാരാളം ജോലികൾ അപൂർണ്ണവും അപര്യാപ്തവുമായി കാണുന്നു. ആയതിനാൽ അവർക്ക് അതിയായ നിരാശയും ദുഃഖവും ഉണ്ടാകുന്നു. ആ മരണം അവർക്ക് കയ്പേറിയതായി അനുഭവപ്പെടുന്നു

*(മൽഫൂസാത്ത് വാള്യം 4,പേജ് 393)*

## ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാകുന്നു

ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാകുന്നു എന്നത് നല്ല പോലെ ഓർക്കുക. കൃഷിക്കാരൻ തന്റെ വിളവിനെ സംരക്ഷിക്കുകയും അതിനായി എല്ലാ തരത്തിലുമുള്ള വിഷമതകളും പ്രയാസങ്ങളും സഹിക്കുന്നതു പോലെ വിശ്വാസിക്ക് പരലോകത്ത് സ്വസ്ഥത ലഭിക്കുന്നതിന്നായി അതിനെ സംരക്ഷിക്കേണ്ടതുണ്ട്. അഥവാ ഇപ്പോൾ അശ്രദ്ധരാകുകയും സമയത്തെ വിലമതിക്കാതിരിക്കുകയും ചെയ്താൽ ഈ ലോകത്തു നിന്നും വിട പറഞ്ഞ് പരലോകത്തേക്ക് പോകേണ്ടി വരുമ്പോൾ കഠിനമായ നിരാശയും മോഹഭംഗവും അനുഭവപ്പെടുന്നു. അവിടെ അവന് ദുഃഖവും വേദനയുമല്ലാതെ മറ്റെന്താണ് ലഭിക്കുക? ഈ ലോകത്ത് ഭൗതീകതയുടെ ദുഃഖത്തിലും മനോവ്യഥയിലും കഴിച്ചു കൂട്ടി. പരലോകം ഈ ദുഃഖത്തിന്റെയും മനോവ്യഥയുടെയും പരിണിത ഫലമാകുന്നു.

*(മൽഫൂസാത്ത് വാള്യം 4, പേജ് 394)*

## ആയുസ്സിനെ വിലയിരുത്തുക

മരണം സുനിശ്ചിതമാണ്. അതിൽ നിന്നാർക്കും രക്ഷപ്പെടാൻ സാധ്യമല്ല. മനുഷ്യൻ പൈസയുടെ കണക്കിൽ അമിതമായി അസ്വസ്ഥരാകുന്നത് ഞാൻ കാണുന്നു. എന്നാൽ ആയുസ്സിന്റെ കണക്കെടുപ്പ് ഒരിക്കലും നടത്തുന്നില്ല. ആയുസ്സിന്റെ കണക്കിലേക്ക് ശ്രദ്ധയില്ലാത്ത മനുഷ്യൻ ദുർഭഗനാകുന്നു. ഏറ്റവും കൂടുതൽ കണക്കെടുപ്പ് നടത്തേണ്ടത് ആയുസ്സിനെയാകുന്നു. മരണം വന്നെത്തുമ്പോൾ നിരാശനായി ഇവിടുന്ന് വിട പറയാതിരിക്കുന്നതിനായി.

*(മൽഫൂസാത്ത് വാള്യം 1, പേജ് 427)*

## ഉത്തമ മരണം

ഇതിനേക്കാൾ വലിയ എന്ത് ദീനീ സേവനമാണ് ചെയ്യാൻ സാധിക്കുക. എല്ലാവരും മരിക്കേണ്ടവരാണ്. ഒരു നാൾ ജീവൻ ഈ ഹൃദയത്തെ വിട്ടകലേണ്ടത് അനിവാര്യമാകുന്നു. എന്നാൽ ദീനീ സേവനം ചെയ്തു കൊണ്ടുള്ള മരണം എത്ര മഹത്തായതാകുന്നു.

*(മൽഫൂസാത്ത് വാള്യം 3, പേജ് 484)*


## മരണം വിശ്വാസിക്ക് സ്വസ്ഥദായകമാകുന്നു

ലോകത്ത് മനുഷ്യന് എന്നെന്നും വസിക്കാൻ സാധ്യമല്ല. ഈ ലോകത്തെ ഉപേക്ഷിക്കേണ്ട ഒരു ദിനവും സമയവും അവസാനം എല്ലാവരിലും വന്നെത്തുന്നതാണ്. അതിനാൽ മരണം വന്നാൽ എന്താണ് കുഴപ്പം? മരണം വിശ്വാസിക്ക് കൂടുതൽ സ്വസ്ഥദായകവും പ്രേമഭാജനത്തിന്റെ ദർശനത്തിനുള്ള മാധ്യമവുമാകുന്നു. കാരണം അവർ അല്ലാഹുവിൽ പരിപൂർണ്ണമായി വിശ്വസിക്കുകയും അവന്റെ കഴിവുകളെ ആശ്രയിക്കുകയും പരലോകത്ത് തനിക്കായി ശാശ്വത സംതൃപ്തിയാണുള്ളതെന്നും അവനറിയുന്നു.

*(മൽഫൂസാത്ത് വാള്യം 4, പേജ് 393)*



ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)



നബിവചനങ്ങളിലൂടെ

# വമാ അദ്‌രീ മാ യുഫ്അലു ബീ

ദൈവികശിക്ഷ ഇറങ്ങിയ സ്ഥലങ്ങളിൽ നബി (സ) തങ്ങാറില്ലായിരുന്നു. റസൂൽ തിരുമേനി(സ)യ്ക്ക് അല്ലാഹുവിനോട് ഉണ്ടായിരുന്ന ഭയത്താലും, അല്ലാഹുവിന്റെ ഭയഭക്തി ഹൃദയത്തിൽ കുടികൊണ്ടിരുന്നതിനാലും അല്ലാഹുവിന്റെ നീരസത്തിന് നിദാനമാകാവുന്ന കർമങ്ങളിൽ നിന്ന് സുരക്ഷിതനാകുകയും ജനങ്ങളെ അത്തരത്തിലുള്ള കർമങ്ങളിൽ നിന്ന് തടയുകയും മാത്രമല്ല ചെയ്തിരുന്നത്, പ്രത്യുത ഏതെങ്കിലും സമുദായത്തിന് ശിക്ഷ ഇറങ്ങിയ സ്ഥലങ്ങളിൽ തങ്ങുന്നതും അവിടുന്ന് സഹിച്ചിരുന്നില്ല. പ്രസ്തുത ശിക്ഷക്ക് കാരണമായ സംഭവങ്ങളെയും കർമങ്ങളെയും സ്മരിച്ചു കൊണ്ട് നബി (സ) എത്രകണ്ട് ദൈവീക ക്രോധത്തെ ഭയന്നിരുന്നുവെന്നാൽ അവിടത്തെ വെള്ളം പോലും ഉപയോഗിക്കുന്നത് അവിടുന്ന് ഇഷ്ടപ്പെട്ടിരുന്നില്ല. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ(റ) പറയുന്നു, തബൂക്ക് യുദ്ധവേളയിൽ ഹജർ എന്ന സ്ഥലത്ത് എത്തിയപ്പോൾ നബി(സ) സഹാബാക്കളോട് പറഞ്ഞു, ഈ കിണറിൽ നിന്ന് വെള്ളം കുടിക്കുകയോ, നിറക്കുകയോ ചെയ്യരുത്. കല്പന കേട്ടപ്പോൾ സഹാബാക്കൾ പറഞ്ഞു, ആ വെള്ളം ഉപയോഗിച്ച് ഞങ്ങൾ പൊടി കുഴച്ചു കഴിഞ്ഞു. വെള്ളം നിറക്കുകയും ചെയ്തു. അവിടുന്ന് കല്പിച്ചു, ആ പൊടി കളഞ്ഞേക്കുക. വെള്ളം ഒഴുക്കിക്കളയുക..............................

നബി(സ) സ്വയം തന്നെകുറിച്ച് **വമാ അദ്‌രീ മാ യുഫ്അലു ബീ** എന്ന് പറയുമായിരുന്നു. എന്നോട് എത്തരത്തിലാണ് വർത്തിക്കപ്പെടുക എന്നെനിക്ക് അറിയില്ല. അതിനുമുപരിയായി അവിടുന്ന് ഒരിക്കലും തന്നെ സ്വന്തം കർമങ്ങളുടെ ബലത്താൽ താൻ സ്വർഗാവകാശിയാകുമെന്ന് പറഞ്ഞിട്ടില്ല. പ്രത്യുത എപ്പോഴും നൽകിയിരുന്ന അദ്ധ്യാപനം അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്താണോ ലഭിക്കുന്നത് അത് മാത്രമായിരിക്കും എന്നാണ്. എന്റെ മോക്ഷവും അല്ലാഹുവിന്റെ അനുഗ്രഹമുണ്ടെങ്കിൽ മാത്രമായിരിക്കും എന്നാണ് തന്നെ കുറിച്ചും നബി (സ) പറഞ്ഞത്. ഹദ്റത്ത് അബൂഹുറൈറ(റ) ൽ നിന്നുള്ള നിവേദനത്തിൽ പറയുന്നു, ഞാനൊരിക്കൽ നബിതിരുമേനി(സ) ഇങ്ങിനെ പറയുന്നതായി കേട്ടു. ആരെയും അവരുടെ കർമങ്ങൾ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ജനങ്ങൾ ചോദിച്ചു, അല്ലാഹുവിന്റെ ദൂതരെ! താങ്കളും സ്വന്തം കർമബലത്താൽ സ്വർഗത്തിൽ പ്രവേശിക്കുകയില്ലേ? നബി (സ) മറുപടി പറഞ്ഞു, ഞാനും എന്റെ കർമബലത്താൽ സ്വർഗത്തിൽ പ്രവേശിക്കുന്നതല്ല. മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും എന്നെ മറച്ചെങ്കിൽ മാത്രമെ ഞാൻ സ്വർഗത്തിൽ പ്രവേശിക്കുകയുള്ളു. അതിനാൽ നിങ്ങൾ നന്മ പ്രവർത്തിക്കുക, സത്യസന്ധരാകുക, ദൈവസാമീപ്യത്തെ അന്വേഷിക്കുക. നിങ്ങളിൽ ആരും തന്നെ മരണത്തെ ആഗ്രഹിക്കരുത്. കാരണം അഥവാ അവർ നല്ലവരാണെങ്കിൽ നന്മയിൽ അവർക്ക് മുന്നേറാൻ കഴിഞ്ഞേക്കും. ഇനി അഥവാ മോശക്കാരനാണെങ്കിൽ ഒരു പക്ഷേ അവരുടെ പശ്ചാത്താപം സ്വീകരിക്കപ്പെടുകയും അവർക്ക് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുള്ള അവസരവും ലഭിച്ചേക്കാം.

...........അവിടുന്ന് അല്ലാഹുവിന്റെ ശക്തിയെ കുറിച്ചും, മഹത്വത്തെ കുറിച്ചും, പ്രതാപത്തെയും കുറിച്ച് ശരിയായ അനുമാനം നടത്തിയിരുന്നു. ആ മഹാത്മാവിന്റെ ഹൃദയത്തിൽ യാഥാർത്ഥ്യം വെളിപ്പെട്ടിരുന്നു. തൽഫലമായി നബി(സ) സ്വന്തം കർമങ്ങളുണ്ടായിരുന്നിട്ട് പോലും ആ രാജാധിരാജന്റെ നിരാശ്രയത്വത്തിൽ എത്രമാത്രം ഭയപ്പെട്ടിരുന്നു. പറയുന്നു, അല്ലാഹുവിന്റെ അനുഗ്രഹമുണ്ടെങ്കിൽ മോക്ഷം ലഭിക്കും. അവന്റെ അനുഗ്രഹമില്ലാതെ മോക്ഷം എങ്ങിനെ ലഭിക്കാനാണ്? ഇത് കൂടാതെ പ്രസ്തുത ഹദീസിൽ നിന്നും മനസ്സിലാകുന്ന വസ്തുത, ഇസ്‌ലാം മോക്ഷത്തെ കർമഫലമായിട്ടല്ല പ്രത്യുത, അല്ലാഹുവിന്റെ അനുഗ്രഹഫലമായിട്ടാണ് നിർണ്ണയിച്ചിരിക്കുന്നത്. സൽക്കർമങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ സ്വാംശീകരിക്കുന്നതാണ്. അതുകൊണ്ടാണ് നബി(സ) പറഞ്ഞത്, മോക്ഷം അല്ലാഹുവിന്റെ അനുഗ്രഹത്താലാണ്. അതിനാൽ നിങ്ങൾ നന്മയും ദൈവഭയവും സ്വായത്തമാക്കുക. നന്മയും സൽക്കർമങ്ങളും അനുഗ്രഹത്തെ സ്വാംശീകരിക്കുന്നു എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്.

......................അതായത് അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ മോക്ഷമില്ല. അതിനാൽ പ്രഭാതത്തിൽ ആരാധന നിർവഹിക്കുക. പ്രദോഷത്തിലും, രാത്രിയുടെ അല്പം ഭാഗങ്ങളിലും ആരാധന നിർവഹിക്കുക. നല്ലപോലെ പരിശ്രമിക്കുക. കൂടുതൽ നന്നായി പരിശ്രമിക്കുക. സ്വർഗത്തിൽ എത്തിച്ചേരുന്നതാണ്. ഈ ഹദീസിൽ നിന്നും സ്പഷ്ടമാകുന്നത്, സ്വന്തം കർമങ്ങളെ അനുഗ്രഹത്തെ ആകർഷിക്കുന്നവയായിട്ടാണ് ഏറ്റു പറഞ്ഞിട്ടുള്ളത്.

ജനങ്ങൾ പാപം ചെയ്യുന്നു. പിന്നീട് കൂടുതൽ ധൈര്യം കാണിക്കുന്നു. ദൈവഭയം അവരുടെ ഹൃദയങ്ങളിൽ ഉടലെടുക്കുന്നില്ല. അല്ലാഹുവിന്റെ നീരസത്തിന് പാത്രമായേക്കാം എന്ന ചിന്ത ഒരിക്കലും തന്നെ അവരുടെ ഹൃദയത്തിൽ ജനിക്കാത്ത തരത്തിൽ കഠിനഹൃദയരായിത്തീരുന്നു. ഒരിക്കൽ ഞാൻ ഒരു വ്യക്തിയോട് പറഞ്ഞു, നിങ്ങൾ പശ്ചാത്തപിക്കുകയും പാപപ്പൊറുതിക്കായി അർത്ഥിച്ചു കൊണ്ടിരിക്കുകയും ചെയ്യുക. നന്മയിൽ മുന്നേറുക. അപ്പോൾ അയാളുടെ മറുപടി ഇതായിരുന്നു, താങ്കൾ എന്നെ മോശക്കാരനായിട്ടാണോ കാണുന്നത്. ഞാൻ പാപിയായത് കൊണ്ടാണൊ താങ്കൾ എന്നോട് നന്മ ചെയ്യാനും ദൈവഭക്തി കൈക്കൊള്ളാനും പാപപ്പൊറുതിക്കായി അർത്ഥിക്കുവാനും പറയുന്നത്? ഞാനിത് കേട്ട് അൽഭുതപ്പെട്ടു. ആ രാജാധിരാജനെ മനുഷ്യൻ എങ്ങിനെ ഭയപ്പെടണം എന്ന് പോലും മനസ്സിലാക്കാൻ സാധിക്കാത്ത നിലയിൽ ഇയാൾ അല്ലാഹുവിന്റെ ശക്തികളിൽ നിന്ന് ഇത്ര അജ്ഞനാണൊ? അവന്റെ പ്രതാപത്തെ കുറിച്ച് അല്പം പോലും അറിവില്ലേ?

ഭൗതിക രാജാക്കന്മാരുടെ സമീപസ്തരെ നാം കാണാറുണ്ട്. അവർ അവരെ സേവിക്കുകയും സ്തുതിക്കുകയും ചെയ്തിട്ടു പോലും ഞങ്ങളിൽ നിന്ന് എന്തെങ്കിലും ന്യൂനത വന്നിട്ടുണ്ടെങ്കിൽ മാപ്പാക്കണം എന്ന് അഭ്യർത്ഥിച്ചു കൊണ്ടിരിക്കുന്നു. ധാരാളം പേർ കഴിയുന്നത്ര നന്മ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. എന്നാലും മനുഷ്യനിൽ നിന്ന് തെറ്റ് സംഭവിക്കുക എന്നതിൽ അൽഭുതമില്ല.

നബി(സ)യെ നോക്കുക. എത്തരത്തിലുള്ള ദൈവിക ജ്ഞാനമുണ്ടായിരുന്നു, എത്തരത്തിൽ സൂക്ഷ്മത പാലിക്കുമായിരുന്നു, എത്രത്തോളം അല്ലാഹുവിനെ ഭയപ്പെട്ട് കഴിഞ്ഞിരുന്നു. മുഴുവൻ മനുഷ്യരിൽ വെച്ചും അവിടുന്ന് പരിപൂർണ്ണനായിരുന്നു. എല്ലാ തരത്തിലുള്ള തിന്മകളിൽ നിന്നും പരിശുദ്ധനായിരുന്നു. സ്വയം അല്ലാഹു ആ മഹാത്മാവിന്റെ സംരക്ഷകനും മേൽനോട്ടക്കാരനുമായിരുന്നു. എന്നാൽ ഈ പരിശുദ്ധിയും പവിത്രതയും ഉണ്ടായിരുന്നിട്ടു പോലും നബി (സ) എപ്പോഴും അല്ലാഹുവിനെ ഭയന്നാണ് കഴിച്ചു കൂട്ടിയിരുന്നത്. നന്മകളുടെ മേൽ നന്മ ചെയ്തു കൊണ്ടിരിക്കുമായിരുന്നു. ഏറ്റവും ഉത്തമമായ കർമങ്ങൾ അനുഷ്ഠിക്കുമായിരുന്നു. എപ്പോഴും ദൈവാരാധനയിൽ വ്യാപൃതനായിരിക്കുമായിരുന്നു. എന്നാലും പിന്നെയും ഭയന്നിരുന്നു. സ്വന്തം നിലയിൽ കഴിയുന്നത്ര സൂക്ഷ്മത പാലിക്കുമായിരുന്നു.

(അൻവാറുൽ ഉലൂം: വാല്യം 1, പേജ് 467-469)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*



ഹദ്റത് മിർസാ താഹിർ അഹ്മദ് (റഹ്)

# കീഴ്ഘടകങ്ങളെല്ലാം ഖലീഫയുടെ കീഴിലാണ്

മുഴുരാജ്യത്തും ഖുദ്ദാമുൽ അഹ്മദിയ്യായെയും അൻസാറുല്ലായെയും ലജ്ന ഇമാഇല്ലായെയും നേരിട്ട് ഖലീഫയുടെ കീഴിൽ ആക്കുക എന്ന തീരുമാനത്തിനു പിന്നിൽ ഉണ്ടായിരുന്ന ഹിക്മത്ത്, ആ മജ്ലിസുകളുടെ പ്രവർത്തനഫലമായി അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യത്തോടുമൊപ്പം നമ്മുടെ ശിക്ഷണ പരമായ ആവ ശ്യങ്ങൾ പൂർത്തീകരിക്കുക എന്നുള്ളതാണ്. ഈ കീഴ്ഘടകങ്ങൾ സ്വപ്നസൗധങ്ങൾ മാത്രം പണിയാതെ മറിച്ച് ചെറിയ ചെറിയ പരിശ്രമങ്ങളിലൂടെ ചില ആവശ്യങ്ങളെങ്കിലും പൂർത്തീകരിക്കട്ടെ.

ഇതുമായി ബന്ധപ്പെട്ട് ഇന്നു ഞാൻ ജമാഅത്തിനു മുമ്പാകെ രണ്ട് പ്രാരംഭപദ്ധതികൾ വെക്കുകയാണ്. ഈ മൂന്ന് കീഴ്ഘടകങ്ങളും പ്രത്യേകമായി എന്റെ അഭിസംബോധകരാണ്. അവർക്ക് സംഘടനാപരമായ നിർദ്ദേശങ്ങൾ إِنْ شَاءَ اللّٰهُ ലഭിക്കുന്നതായിരിക്കും. എളുപ്പത്തിനു വേണ്ടി ചെറിയ ചെറിയ വിഭാഗങ്ങളാക്കി തിരിച്ച് പ്രവ ർത്തന രൂപരേഖകൾ അവരിൽ ചുമതലപ്പെടുത്തും. പക്ഷെ എന്റെ മുമ്പിലുള്ള അടിസ്ഥാനപരമായ കാര്യ ങ്ങൾ അത് ഞാൻ മുമ്പും നിങ്ങളോട് പല അവസരങ്ങളിൽ പറഞ്ഞുകൊണ്ടിരുന്നതാണ്. ഇന്ന് ഒരിക്കൽ കൂടി അതിലെ കാര്യങ്ങൾ ഓർമ്മപ്പെടുത്തേണ്ടത് ആവശ്യമെന്ന് ഞാൻ മനസ്സിലാക്കുന്നു.

## സത്യദീനിന്റെ പ്രചാരകന് ഉണ്ടാകേണ്ട അടിസ്ഥാന ഗുണം

അവർ എനിക്കയച്ച സന്ദേശം ഇതാണ് . അതായത് ഞങ്ങളുടെ കവാടങ്ങൾ നിങ്ങൾക്കായി തുറന്നിട്ടിരിക്കുന്നു. ഈ സന്ദേശം ഞങ്ങൾക്ക് വളരെ അത്യാവശ്യമാണ്. സമയം ഇപ്പോൾ തന്നെ അധികരിച്ചിരിക്കുന്നു. അതിനാൽ വേഗം വരിക. എന്നാൽ യഥാർത്ഥത്തിൽ ഇത്തരം സന്ദേശങ്ങൾ അയക്കുന്നതിന് സന്ദേശവാഹകർ ഉണ്ടാവേണ്ടതാണ്. അവർ യഥാർത്ഥ സന്ദേശവാഹകരുടെ ജീവിച്ചിരിക്കുന്ന ഉദാഹരണങ്ങളായിരിക്കണം. അല്ലാഹു ലോകത്തേക്ക് സന്ദേശം അയക്കുന്നു. അല്ലാഹു ലോകത്ത് സ്ഥാപിച്ച അതേ നിലവാരം പുലർത്തികൊണ്ട് നാമും അതേ രൂപത്തിൽ സന്ദേശവാഹകരായിത്തീരേണ്ടതാണ്. അല്ലാഹു തിരഞ്ഞെടുക്കുന്ന പ്രവാചകന്മാർ സന്ദേശത്തിൽ വിശ്വസ്ഥത പുലർത്തുന്നവരും വാക്കിലും പ്രവൃത്തിയിലും വൈരുദ്ധ്യങ്ങൾ ഇല്ലാത്തവരുമായിരിക്കും. ഏതു പോലെ എന്നാൽ ഹ. മുഹമ്മദ് മുസ്തഫാ(സ)യുടെ സ്വഭാവഗുണത്തെ പറ്റി ഹ.ആയിശാ(റ) യോട് ആരോ ചോദിച്ചപ്പോൾ അവർ പറഞ്ഞ മറുപടി നബി(സ)യുടെ ജീവിതം പരിശുദ്ധ ഖുർആനായിരുന്നു എന്നാണ്. അതായത് ഒരു ജീവനുള്ള ഖുർആൻ. നമ്മുടെ കൺമുമ്പിൽ ജീവിച്ചുകൊണ്ടിരുന്ന ഖുർആൻ ആയിരുന്നു. അത് വെറും വാക്കായിരുന്നില്ല. മറിച്ച് ഖുർആന്റെ പ്രവൃത്തിരൂപമായിരുന്നു. ഈ നിലവാരമാണ് ഒരു സന്ദേശവാഹകന് ഉണ്ടായിരിക്കേണ്ടത്.

നിങ്ങളും അഹ്മദിയ്യത്തിന്റെ പ്രതിനിധികളാണ്. ആലങ്കാരിക ഭാഷയിൽ സന്ദേശവാഹകരെ ദൂതൻ എന്നു പറയുന്നു. റസൂൽ(സ) തിരുമേനിക്ക് അവതരിക്കുകയും അവിടുന്ന് ലോകത്ത് എത്തിക്കുകയും ചെയ്ത സന്ദേശത്തിന്റെ ദൂതന്മാരാണ് നിങ്ങളും. മുഴുലോകത്തിനും ഈ സന്ദേശം എത്തിക്കേണ്ടത് നിങ്ങളുടെ ബാധ്യതയാണ്. റസൂൽ(സ) യുടെ മാതൃക പിൻപറ്റാതെ കണ്ട് ഈ സന്ദേശം എത്തിക്കുവാൻ സാധ്യമല്ല. ആത്മീയ അന്തരീക്ഷത്തെ മലിനമാക്കുന്ന തരത്തിലുള്ള കുറവുകൾ ഒരാളിലുണ്ടെങ്കിൽ അത്തരത്തിലുള്ള ഒരാളെ എങ്ങിനെയാണ് മറ്റുള്ളവരുടെ ശിക്ഷണത്തിനായി ദൂതനാക്കി അയക്കാൻ എനിക്ക് സാധിക്കുക? നിങ്ങളുടെയും അവസ്ഥ ഇതു തന്നെയാണ്. നിങ്ങൾ നബി(സ)യുടെ യഥാർത്ഥ ദാസരാകാൻ പരിശ്രമിച്ചു കൊണ്ടുള്ള സന്ദേശവാഹകരായിത്തീരേണ്ടതാണ്. മറ്റുള്ളവരുടെ മേൽനോട്ടക്കാരനാകുന്നതിന് മുമ്പ് സ്വന്തം കാര്യങ്ങൾ നേരെയാക്കാനുള്ള കഴിവുണ്ടാകണം. സ്വന്തം വീട്ടുകാരുടെ കാര്യങ്ങൾ നോക്കാൻ കഴിയണം. കുടുംബാംഗങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിക്കാൻ പറ്റണം. മക്കളുടെ കാര്യങ്ങളിലും മേൽനോട്ടം വഹിക്കാൻ കഴിയണം. അവരിൽ എന്തെല്ലാം ഉത്തരവാദിത്വമുണ്ടോ അതെല്ലാം നിറവേറ്റാൻ സാധ്യമാവണം. എന്നാൽ എല്ലാത്തിനുമുപരിയായി സ്വന്തം വ്യക്തിത്വത്തിന്റെ മേൽനോട്ടക്കാരനായിരിക്കണം. എന്തെന്നാൽ നിങ്ങളുടെ വ്യക്തിത്വത്തിൽ നിന്നാണ് ഈ യാത്ര തുടങ്ങുന്നത്. അതെ നിങ്ങളുടെ വ്യക്തിത്വത്തിൽ നിന്നു തന്നെയാണ് ഈ യാത്ര തുടങ്ങുന്നത്.

## ലോകനേതാവാകുന്നതിന് മുമ്പ് നിങ്ങളുടെ ആത്മാവിന്റെ നേതാവായിത്തീരുക

ലോകത്ത് വന്ന എല്ലാ നബിമാരും നിസംശയം ഈ യാത്ര ചെയ്തിട്ടുണ്ടായിരുന്നു. എല്ലാ നബിമാരും അവരവരുടെ കാര്യങ്ങളിൽ മുഴുകിയിരുന്നു. തങ്ങളുടെ ഉള്ളിലുള്ള കുറവുകളെ ദുരീകരിച്ചു കൊണ്ടും അതിനെ പരിഷ്കരിച്ചു കൊണ്ടും ദൈവിക സാമീപ്യം കരസ്ഥമാക്കികൊണ്ടിരുന്നു. ദൈവീക സാമീപ്യമില്ലാതെ ഇതിന് മറ്റെന്തർത്ഥമാണുള്ളത് ? അല്ലാഹു പരിശുദ്ധനാണ്. നിങ്ങൾ ഖുർആൻ പാരായണത്തിൽ ശ്രവിച്ച അല്ലാഹുവിന്റെ സ്വിഫത്തുകളെ ശ്രദ്ധിച്ചു നോക്കൂ, അതെത്ര മാത്രം മഹനീയമാണ് ? ഏതു വരെ ആ സ്വിഫത്തുകളെ സ്വായത്തമാക്കുന്നില്ലയോ ദൈവസാമീപ്യം എങ്ങനെ ലഭിക്കാനാണ് ? അല്ലാഹുവിന്റെ സാമീപ്യം ആഗ്രഹിക്കുന്നവർ ഇങ്ങിനെ പ്രാർത്ഥിക്കുന്നു.

رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا

അവർ ഭൗതിക നേതാക്കളാകുന്നതിന് മുമ്പ് സ്വന്തം ആത്മാവിന്റെ നേതാവായിരിക്കണം. നമ്മുടെ കുറവുകളെ കണ്ടെത്തി അതിന്റെ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് അതിന്റെ പരിഷ്കരണത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഈ യാത്ര ഞാൻ മുമ്പ് പറഞ്ഞതു പോലെ അനശ്വരമാണ്. എന്തുകൊണ്ടെന്നാൽ ഇതിന്റെ അവസാന ലക്ഷ്യം അല്ലാഹുവാണ്.

ഏതൊരാൾ വിനയാന്വിതനായി കൊണ്ട് ആത്മപരിശോധന നടത്തി അവന്റെ അന്തരാത്മാവിനെ ശുദ്ധീകരിക്കുകയാണെങ്കിൽ അവനിൽ അവന്റെ അസ്തിത്വം മറയുന്നതാണ്. പകരം അല്ലാഹുവിന്റെ അസ്തിത്വം പ്രകടമാവുന്നതാണ്. ഏതുവരെ എന്നാൽ അവന്റെയുള്ളിൽ ദൈവിക പ്രഭാവം സംജാതമാകുന്നതാണ്. അങ്ങനെ അയാൾ മുഖേന മറ്റു സമുദായങ്ങളും അവരെ പിൻപറ്റുന്നവരും ദൈവപ്രീതി കരസ്ഥമാക്കുന്നവരിൽ ഉൾപ്പെടുന്നതാണ്. മുഴുലോകത്തിനും കാരുണ്യമായി അല്ലാഹു നിയോഗിച്ച ഹ.മുഹമ്മദ് മുസ്തഫാ (സ) യെ ആ സ്ഥാനത്തെത്തിച്ചതും ഇതേ കാരണം തന്നെയായിരുന്നു. ഏറ്റവും ആഴത്തിൽ തന്റെ അസ്തിത്വത്തെ തിരിച്ചറിയുകയും ആ തിരിച്ചറിവിന്റെ ഫലമായി അല്ലാഹുവിന്റെ അസ്തിത്വം നബി(സ) യുടെ മേൽ കൂടുതലായി പ്രകടമായി കൊണ്ടിരിക്കുകയും ചെയ്തു. ഏതുവരെ എന്നാൽ നബി(സ) തിരുമേനി ദൈവത്തിന്റെ ജീവിച്ചിരിക്കുന്ന പ്രതിബിംബമായി കാണപ്പെട്ടു. വിശുദ്ധഖുർആനിൽ നബി(സ)യെ അഭിസംബോധന ചെയ്തു കൊണ്ട് നബി (സ) യെ കുറിച്ച് തന്നെ ഇപ്രകാരം പറയുന്നു.

وَمَا رَمَيْتَ إِذْ رَمَيْتَ وَلَٰكِنَّ اللَّهَ رَمَىٰ

അതായത് ഏ മുഹമ്മദ് (സ) നീ എറിഞ്ഞപ്പോൾ നീ അല്ല എറിഞ്ഞത് പ്രത്യുത അല്ലാഹുവാണ് എറിഞ്ഞത്. വീണ്ടും പറയുന്നു. ആ വൃക്ഷചുവട്ടിൽ ഇരുന്ന് നിന്നിൽ ബൈഅത്ത് ചെയ്യുമ്പോൾ നിന്റെ കൈ അവരുടെ കൈകളിൽ മേലെയാണ്. നമ്മുടെ സ്വന്തം താത്പര്യങ്ങളെ ഇല്ലാതാക്കാതെ ഒരിക്കലും ഈ സ്ഥാനം കരഗതമാവുകയില്ല.

*(അവലംബം : മശ്അലെ രാഹ് വാള്യം : 3)*


*തയ്യാറാക്കിയത് : എ നസീം അഹ്മദ് ശാഹിദ് ചേലക്കര*




ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

# നമസ്കാര പാഠങ്ങൾ

(സമ്പാ: അബൂ അബ്ദുൽ ബാരി)



اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്നതിൽ മുഴുലോകത്തുമുള്ള എല്ലാ സൃഷ്ടികളുടെയും പരിപാലനം അല്ലാഹുവിലേക്ക് എത്തുന്നു. നിത്യേനെ നാം ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളിലും നമുക്ക് اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ നെ കാണപ്പെടേണ്ടതാണ്. പ്രഭാതസവാരിക്കു പോകുമ്പോൾ വഴിയിൽ ധാന്യം കൊത്തിത്തിന്നുന്ന പക്ഷികളെ കാണുമ്പോൾ ഹൃദയത്തിൽ നിന്നും اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്ന ശബ്ദം പുറപ്പെടാറില്ലേ? നമുക്ക് മാത്രമല്ല ആഹാരം നൽകുന്നത്, പ്രസ്തുത ജീവികൾക്കും ആഹാരം നൽകുന്നു. ഏത് കീടങ്ങളെയാണോ ആ പക്ഷികൾ ഭക്ഷിക്കുന്നത് അവയ്ക്കുള്ള ആഹാരവും അല്ലാഹുവിന്റെ ചുമലിലാണ്. എന്തിലാണോ അവ വളരുന്നത് അതിനുള്ള ജീവിത വിഭവവും അല്ലാഹുവിലാണ്. മുഴുലോകത്തിന്റെയും ജീവിതവിഭവങ്ങളും, അവയുടെ ജീവൻ നിലനിർത്തലും അല്ലാഹുവിൽ അർപ്പിതമാണ്. മുഴുവൻ പ്രപഞ്ചത്തിനും ഒരു ഒരു ശക്തി അനിവാര്യമാണ്. പ്രസ്തുത ശക്തിയുടെ അഭാവത്തിൽ പ്രപഞ്ചം നിലനിൽക്കില്ല. ഏതോ വസ്തു അവയെയെല്ലാം sustain ചെയ്തു കൊണ്ടിരിക്കുകയും അവയ്ക്ക് കഴിവുകൾ പ്രദാനം ചെയ്ത് കൊണ്ടിരിക്കുകയുമാണ്. അത് അല്ലാഹുവിന്റെ അസ്ഥിത്വമാകുന്നു.

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്നതിൽ ഒരു ശാസ്ത്രജ്ഞനും തന്നെ കുറിച്ച് ചിന്തിക്കാവുന്നതാണ്. അല്ലാഹു എങ്ങിനെയാണ് പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത് എന്നതിനെ സംബന്ധിച്ചുള്ള എന്തെങ്കിലും രഹസ്യം അയാൾക്ക് മനസ്സിലാകുകയും ഏതെങ്കിലും നമസ്കാരത്തിൽ അതിനെ കുറിച്ച് ചിന്തിച്ചു കൊണ്ട് അൽഹംദു എന്ന് പറയുകയാണെങ്കിൽ അയാൾക്കു ലഭിക്കുന്ന അനുഭൂതി ഒന്നു വേറെ തന്നെയായിരിക്കും. ഒരു വ്യക്തി അല്ലാഹു എങ്ങിനെയാണ് തന്നെ പരിപാലിച്ചത്, എന്തൊക്കെ ഭക്ഷണങ്ങളാണ് നൽകിയത്, എത്ര നല്ലതാക്കി എന്നൊക്കെ ചിന്തിക്കുമ്പോൾ എത്രകണ്ട് തന്നെ കുറിച്ചുള്ള അറിവുകൾ വർദ്ധിക്കുന്നുവോ അത്രകണ്ട് اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ന്റെ അർത്ഥവും വിശാലമാകുന്നു. ചുരുക്കത്തിൽ ഈ പ്രാരംഭ വചനം മുഴുവൻ ഖുർആനെയും ഉൾക്കൊള്ളുന്നു. ഇത് കൂടാതെ മറ്റ് പല വചനങ്ങളും ഇത്തരത്തിൽ വിഷയത്തെ മുന്നോട്ട് കൊണ്ടു പോകുന്നുണ്ട്.

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്ന് പറഞ്ഞതിനു ശേഷം നാം എന്താണ് പറയുന്നത്? اَلرَّحْمٰنِ الرَّحِيْمِ റഹ്മാൻ എന്നതിന്റെ അർത്ഥം എന്താണ്? ആവശ്യപ്പെടാതെ നൽകുന്നവൻ. എന്നാൽ ഇതിനു മുമ്പ് بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ എന്നതിൽ اَلرَّحْمٰنِ വന്നിട്ടുണ്ട്. അവിടെ ആവശ്യപ്പെടാതെ നൽകുന്നവൻ, മുഴുവൻ പ്രപഞ്ചത്തേയും പ്രദാനം ചെയ്യുന്നവൻ എന്ന അർത്ഥത്തിലായിരുന്നു. അഥവാ അവൻ ആവശ്യപ്പെടാതെ നൽകില്ലായിരുന്നുവെങ്കിൽ رَبِّ الْعٰلَمِيْنَ കാര്യം ആരംഭിക്കില്ലായിരുന്നു. ഇരുലോകവും സൃഷ്ടിക്കപ്പെട്ടിരുന്നു എന്നതാണ് رَبِّ الْعٰلَمِيْنَ സൂചിപ്പിക്കുന്നത്. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ എന്നതിലെ റഹ്മാനിലൂടെ ആവശ്യപ്പെടാതെ മുഴുവൻ പ്രപഞ്ചവും ഉടലെടുത്തു. അപ്പോൾ വിശുദ്ധഖുർആനിൽ അൽഹംദുവിന് ശേഷം വീണ്ടും اَلرَّحْمٰنِ എന്തിനാണ് വന്നിട്ടുള്ളത്? بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ സൂറ ഫാത്തിഹയ്ക്കും മറ്റ് സൂറത്തുകൾക്കും മുന്നിലായി ഓതുന്നു.

اَلرَّحْمٰنِ ആയ അല്ലാഹു **അർറഹ്മാനു അല്ലമൽ ഖുർആൻ. ഖലഖൽ ഇൻസാന അല്ലമഹുൽ ബയാൻ** ആകുന്നു. റഹ്മാനായ അല്ലാഹു മുഴുലോകത്തേയും സൃഷ്ടിച്ചു. ഖുർആനും പഠിപ്പിച്ചത് അവനാണ്. മനുഷ്യനെ സൃഷ്ടിച്ചതും അവനാണ്. **ഖല ഖൽ ഇൻസാന**. അപ്പോൾ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ അടങ്ങിയിരിക്കുന്ന സൃഷ്ടിപ്പ് നടന്നു കഴിഞ്ഞു. പിന്നീട് رَبِّ الْعٰلَمِيْنَ ന്റെ കാര്യം ആരംഭിച്ചു. രണ്ടാമതും എന്തിനാണ് اَلرَّحْمٰنِ എന്ന് പറഞ്ഞത്? വിശുദ്ധഖുർആനിൽ **റഹ്മാന്റെ** രണ്ടു കാര്യങ്ങളാണ് പരാമർശിച്ചിരിക്കുന്നത്. 1. മനുഷ്യനെ സൃഷ്ടിച്ചു. 2. അവൻ ഖുർആൻ പഠിപ്പിച്ചു.

ഇപ്പോൾ ഖുർആന്റെ കാര്യമാണ് ആരംഭിക്കുന്നത്. സൂറ ഫാതിഹ اَلْحَمْدُ لِلّٰهِ എന്നു പറഞ്ഞതിനു ശേഷം اَلرَّحْمٰنِ എന്ന് പറഞ്ഞുകൊണ്ട് പറയുന്നത്, മുഴുവൻ ആത്മീയപ്രപഞ്ചത്തേയും അല്ലാഹു തന്നെയാണ് സൃഷ്ടിച്ചത്. അത് **അർറഹ്മാനു**മായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ വിഷയത്തെ വിവിധ സ്ഥലങ്ങളിൽ ഉന്നതമായ ദൈവികജ്ഞാനത്തോടുകൂടി പരാമർശിച്ചിട്ടുണ്ട്. പറയുന്നു, ആരാണ് അല്ലാഹുവിനോട് ഖുർആൻ അവശ്യപ്പെടാൻ പോയത്? ആരും തന്നെയില്ല. സ്വയം നബി തിരുമേനി (സ) പോലും ഖുർആൻ വേണമെന്ന് പറഞ്ഞിട്ടില്ല. **അല്ലമൽ ഖുർആൻ**. റഹ്മാനായ അല്ലാഹു ആവശ്യപ്പെടാതെ തന്നെ ഖുർആൻ നൽകി. ലോകത്തുള്ള ആരും തന്നെ അല്ലാഹുവിനോട് ഞങ്ങൾക്ക് ഖുർആൻ നൽകിയാലും എന്ന് ആവശ്യപ്പെട്ടിട്ടില്ല. ഖുർആനെ സംബന്ധിച്ച് ആർക്കും അറിവ് തന്നെ ഉണ്ടായിരുന്നില്ല. അപ്പോൾ മുഹമ്മദ്(സ) യ്ക്ക് റഹ്മാനായ അല്ലാഹു ഖുർആൻ പഠിപ്പിച്ചു. അവൻ ആവശ്യപ്പെടാതെ നൽകുന്നവനാണ്. ചുരുക്കത്തിൽ ഭൗതികലോകത്തെയും റഹ്മാനായ അല്ലാഹുവാണ് സൃഷ്ടിച്ചത്, ആത്മീയ ലോകത്തെയും സൃഷ്ടിച്ചത് അവൻ തന്നെയാണ്. അതുകൊണ്ടാണ് അർറഹ്മാൻ ആവർത്തിച്ചു വന്നത്.

**അർറഹീം**

റഹ്മാനായ അല്ലാഹു വിശുദ്ധഖുർആന്റെ സകല കല്പനകളും എല്ലാ നല്ല കാര്യങ്ങളും നമ്മുടെ ഗുണത്തിനായി വിശദീകരിച്ചു. എന്നാൽ അതിനു ശേഷം അവൻ നമ്മിൽ നിന്ന് അശ്രദ്ധനായില്ല. അതാണ് റഹീം സൂചിപ്പിക്കുന്നത്. ചോദിക്കാതെ തന്നെ നൽകുന്ന തരത്തിൽ ഏറ്റവും കൂടുതൽ അനുഗ്രഹവുമായി വന്നവനാണ് അർറഹ്മാൻ. റഹ്മാനായ അല്ലാഹു പ്രപഞ്ചത്തെ സൃഷ്ടിച്ചു. എല്ലാ കാലഭേദങ്ങളെയും അവനാണ് സൃഷ്ടിച്ചത്. വിത്തു നടുന്ന ഒരു കാലം ഉണ്ട്. അപ്പോൾ നിങ്ങൾ വിത്തു നടുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, എല്ലാത്തിന്റെയും ഒരു കാലമുണ്ട്. ഏതെങ്കിലും വസ്തു നടുകയാണെങ്കിൽ അത് മുളക്കുന്നു, വളരുന്നു. അഥവാ അസമയത്ത് വിത്തിടുകയാണെങ്കിൽ അത് അവിടെ തന്നെ കിടക്കുന്നു. എന്നാൽ കടന്നുപോയ കാലത്തെ അല്ലാഹു വീണ്ടും കൊണ്ടു വരുന്നു. കഴിഞ്ഞ വർഷം ഇട്ട വിത്ത് മണ്ണിൽ തന്നെ സുരക്ഷിതമായി കിടക്കുന്നു. പുതിയ കാലം വരുമ്പോൾ ആ വിത്ത് മുളക്കുന്നു. അപ്പോൾ കാലാവസ്ഥയെ അവർത്തിച്ചാവർത്തിച്ച് കൊണ്ടിരിക്കുന്നവനാണ് അർ റഹീം.

എത്രയാണോ അവശ്യമുണ്ടാകുക അത്രയും തന്നെ ആദ്യ അവസരത്തിൽ നൽകിയവനെയാണ് അർറഹ്മാൻ എന്നു പറയുന്നത്. എല്ലാം തന്നെ നൽകി. അഥവാ നിങ്ങൾക്ക് അർറഹ്മാനിൽ നിന്ന് പ്രയോജനമെടുക്കാൻ സാധിക്കുന്നില്ലെങ്കിലും നിങ്ങളെ സഹായിക്കുന്നവനാണ് റഹീം. ഒരു വർഷം നിങ്ങൾ അശ്രദ്ധരാകുന്നു. അടുത്ത വർഷവും നിങ്ങൾ അശ്രദ്ധ കാണിക്കുന്നു. അതിനടുത്ത വർഷവും അശ്രദ്ധരാകുന്നു. എപ്പോഴും തന്നെ അവൻ തന്റെ കാരുണ്യത്തെ ദർശിക്കുന്നതിനുള്ള സാഹചര്യം ഒരിക്കിക്കൊണ്ടിരിക്കുന്നു. അതിനെയാണ് റഹീം എന്നു പറയുന്നത്.

(ഉർദു ക്ലാസ്സ്: നമ്പർ 310, 11.10.1997)

*പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ*

അസ്ഹാബീ കന്നുജൂമി
ബിഅയ്യിഹും ഇഖ്തദയ്തും ഇഹ്തദയ്തും
എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. *(ഹദീസ് മിശ്ക്കാത്ത്)*

# ഹദ്റത്ത് മിഖ്ദാദ് (റ) ഇബ്നു അംറ്

**രൂപം**

ഹദ്റത്ത് മിഖ്ദാദ് (റ) ന്റെ സ്ഥാനപ്പേര് അബൂമഅ്ബദ് എന്നായിരുന്നു. ബഹ്റാ പട്ടണവാസിയായ അദ്ദേഹം ഉയരം കൂടിയതും ഉറച്ച ശരീര പ്രകൃതക്കാരനുമായിരുന്നു. ഗോതമ്പിന്റെ നിറമായിരുന്നു. മനോഹരവും മിതവുമായ താടിയായിരുന്നു. തലയിൽ ധാരാളം മുടിയുണ്ടായിരുന്നു.

**മക്കയിലേക്ക്**

ജാഹിലിയ്യാ കാലഘട്ടത്തിൽ ബഹ്റ പട്ടണത്തിൽ അദ്ദേഹം തന്റെ ശത്രുവിനെ കൊല്ലുകയും തൽഫലമായി അദ്ദേഹത്തിന്റെ ഗോത്രത്തിന് പിഴ ചുമത്തപ്പെടുകയും ചെയ്തു. അക്കാരണത്താൽ അദ്ദേഹം അവിടെ നിന്ന് ഓടി രക്ഷപ്പെടുകയും അവസാനം മക്കയിൽ അഭയം പ്രാപിക്കുകയും ചെയ്തു. അവിടെ അസ്വദ് ഇബ്നു യഗൂസ് എന്നയാളുടെ ദത്തു പുത്രനാകുകയും മിഖ്ദാദ് ഇബ്നു അസ്വദ് എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങുകയും ചെയ്തു. എന്നാൽ പിന്നീട് ജനങ്ങളെ അവരുടെ പിതാക്കന്മാരുടെ നാമത്തിൽ സ്മരിക്കുക എന്ന ഖുർആൻ വാക്യം ഇറങ്ങിയപ്പോൾ അദ്ദേഹം സ്വന്തം പിതാവായ അംറിന്റെ പേരിൽ മിഖ്ദാദ് ഇബ്നു അംറ് എന്നറിയപ്പെടാൻ തുടങ്ങി.

**ഇസ്ലാം ആശ്ലേഷണം**

അദ്ദേഹം മക്കയിൽ എത്തിയപ്പോൾ അവിടെ ഇസ്ലാമിന്റെ ചർച്ച പാരമ്യതയിലായിരുന്നു. ആരംഭകാലത്തു തന്നെ ഇസ്ലാം സ്വീകരിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു. ഇസ്ലാം സ്വീകരിച്ച ആദ്യ ഏഴ് വ്യക്തികളിൽ അദ്ദേഹം ഉൾപ്പെടുന്നു.

**ഹിജ്റത്ത്**

മുസ്ലിമായതിനു ശേഷം മക്കാ നിഷേധികളിൽ നിന്ന് കഠിനമായ പീഡനങ്ങളും പരീക്ഷണങ്ങളും അദ്ദേഹത്തിന് നേരിടേണ്ടി വന്നപ്പോൾ അദ്ദേഹവും മറ്റ് സഹാബാക്കളെ പോലെ ഹബ്ശയിലേക്ക് പലായനം ചെയ്തു. പിന്നീട് അവിടുന്ന് മടങ്ങി വന്ന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്യാൻ ആഗ്രഹിച്ചു. എന്നാൽ മക്കാ നിഷേധികളിൽ നിന്ന് ചില തടസ്സങ്ങൾ നേരിട്ടതിനാൽ അത് നടന്നില്ല. അദ്ദേഹം ഹിജ്റത്തിനായി അവസരം പാർത്തിരുന്നു. ഒരിക്കൽ ഇക്റമയുടെ നേതൃത്വത്തിൽ മക്കാനിവാസികൾ മുസ്ലിംകൾക്കെതിരിൽ പുറപ്പെട്ടപ്പോൾ അദ്ദേഹവും അവരോടൊപ്പം കൂടുകയും അവസരം നോക്കി ഓടി മുസ്ലിംകളുടെ പക്ഷത്തെത്തുകയും ചെയ്തു. മദീനയിലെത്തിയ അദ്ദേഹത്തിന് നബി(സ) ജബാർ ഇബ്നു സഖ്റുമായി സാഹോദര്യബന്ധം ഉണ്ടാക്കി.

**നബി (സ) യുടെ ആഥിത്യത്തിന്റെ അനുഗ്രഹം**

ആരംഭഘട്ടത്തിൽ നബി(സ) അദ്ദേഹത്തെ തന്നോടൊപ്പമാണ് താമസിപ്പിച്ചത്. വേറെയും ഏതാനും സഹാബികൾ അവിടെ ഉണ്ടായിരുന്നു. നബി (സ)യ്ക്ക് കുറച്ച് ആടുകളുണ്ടായിരുന്നു. അതിന്റെ പാലെടുത്തായിരുന്നു ആ സഹാബികൾ കഴിഞ്ഞിരുന്നത്. അവർ സ്വയം ആടിനെ കറന്ന് പാലെടുക്കുകയും തങ്ങളുടെ വിഹിതം കുടിച്ചതിനു ശേഷം നബി(സ)യ്ക്കായി നീക്കി വെക്കുകയും ചെയ്യുമായിരുന്നു. നബി(സ) രാത്രി മടങ്ങിയെത്തി ആ പാല് കുടിക്കുമായിരുന്നു. രാത്രി വൈകിയെത്തുകയാണെങ്കിൽ ഒച്ചയുണ്ടാക്കാതെ ആരെയും ശല്യപ്പെടുത്താതെ നേരെ ചെന്ന് പാലെടുത്ത് കുടിക്കുമായിരുന്നു. ഒരിക്കൽ മിഖ്ദാദ് (റ) ന് സ്വന്തം വിഹിതം കുടിച്ചിട്ടും വയറ് നിറഞ്ഞില്ല. അന്നും നബി(സ) വരാൻ താമസിച്ചു. അപ്പോൾ അദ്ദേഹം മനസ്സിൽ കരുതി നബി(സ)യ്ക്ക് അൻസാറുകൾ പാൽ കുടിക്കാൻ നൽകിയിട്ടുണ്ടാകും. ആ ചിന്തയിൽ അദ്ദേഹം നബി(സ) യുടെ വിഹിതവും കുടിച്ചു. മടങ്ങിയെത്തിയ നബി(സ) ആരെയും ഉണർത്താതെ നേരെ പാലിന്റെ പാത്രത്തിനടുത്തേക്ക് എത്തി. ശൂന്യമായ പാത്രം കണ്ട് നബി(സ) ഇങ്ങനെ ദുആ ചെയ്തു, അല്ലാഹുവെ! വിശപ്പിന്റെ അവസ്ഥയിൽ എനിക്ക് ഭക്ഷണം നൽകുന്നവന് നീ ഭക്ഷിക്കാൻ നൽകേണമെ. എനിക്ക് കുടിക്കാൻ നൽകുന്നവനെ നീ കുടിപ്പിക്കേണമെ. അത് കേട്ട് മിഖ്ദാദ്(റ) അവിടെ നിന്ന് എഴുന്നേറ്റ് നേരെ മുൻപ് പാൽ കറന്നെടുത്ത ആടുകളുടെ അടുത്തെത്തി. അവിടെ കണ്ട കാഴ്ച അദ്ദേഹത്തെ അൽഭുതപ്പെടുത്തി. ആ ആടുകളുടെ അകിടുകളിലതാ പാൽ നിറഞ്ഞിരിക്കുന്നു. അങ്ങിനെ അദ്ദേഹം രണ്ടാമതും അവയെ കറന്ന് പാലെടുക്കുകയും നബി (സ)യ് ക്ക് സമർപ്പിക്കുയും ചെയ്തു. നബി(സ) വയറ് നിറച്ച് കുടിക്കുകയും ബാക്കി അദ്ദേഹത്തിന് നൽകുകയും ചെയ്തു. അദ്ദേഹവും വയറ് നിറച്ച് അത് കുടിച്ചു. തുടർന്ന് പൊട്ടിച്ചിരിക്കാൻ തുടങ്ങി. കാരണം ചോദിച്ചപ്പോൾ അദ്ദേഹം നടന്ന സംഭവങ്ങൾ നബി (സ)യെ കേൾപ്പിച്ചു. നബി(സ)യുടെ ദുആ പുലർന്നത് കണ്ടപ്പോഴാണ് താൻ ചിരിച്ചതെന്നും പറയുകയും ചെയ്തു.

**യുദ്ധങ്ങളിൽ പങ്കാളിത്വം**

അദ്ദേഹത്തിന് നബി(സ)യോടൊപ്പം എല്ലാ യുദ്ധങ്ങളിലും പങ്കെടുക്കാനുള്ള തൗഫീഖ് ലഭിച്ചിരുന്നു. അദ്ദേഹം പ്രഗൽഭനായ അസ്ത്രാഭ്യാസിയും കുതിര സവാരിക്കാരനുമായിരുന്നു. ഒരു രിവായത്തനുസരിച്ച് ഏറ്റവും ആദ്യം കുതിരപ്പുറത്തു കയറി ജിഹാദ് ചെയ്തത് അദ്ദേഹമാണ്.

**അനിഷേധ്യമായ കൂറ്**

ബദ്റ് യുദ്ധത്തിനു മുന്നോടിയായി മദീനയ്ക്ക് പുറത്തു പോയി യുദ്ധം ചെയ്യുന്നതിനെ സംബന്ധിച്ച് നബി(സ) സഹാബാക്കളെ വിളിച്ചു കൂട്ടി അഭിപ്രായം ആരാഞ്ഞപ്പോൾ അബൂബക്കർ സിദ്ധീഖ്(റ) ഉം ഉമർ(റ) ഉം അതിനനുകൂലിച്ച് അഭിപ്രായം പറഞ്ഞെങ്കിലും നബി(സ) വീണ്ടും വീണ്ടും ചോദ്യം ആവർത്തിച്ച് കൊണ്ടിരുന്നു. അൻസാറുകളെയാണ് നബി(സ) ഉദ്ദേശിക്കുന്നതെന്ന് മനസ്സിലായപ്പോൾ മിഖ്ദാദ്(റ) എഴുന്നേറ്റ് നിന്ന് ചെയ്ത ഹ്രസ്വപ്രഭാഷണം അനുസ്മരണീയമാണ്. അദ്ദേഹം പറഞ്ഞു, അല്ലാഹുവിന്റെ റസൂലെ! ഞങ്ങൾ മൂസാ(അ)ന്റെ അനുയായികളെ പോലെ നീയും നിന്റെ നാഥനും പോയി യുദ്ധം ചെയ്തു കൊള്ളുക, ഞങ്ങളിവിടെ ഇരുന്നു കൊള്ളാം എന്ന് പറയുന്നവരല്ല. അല്ലാഹുവാണെ സത്യം! ഞങ്ങൾ കൂറുള്ള ദാസരാണ്. താങ്കളുടെ വലതും ഇടതും മുന്നിലും പിന്നിലും നിന്ന് ഞങ്ങൾ പൊരുതുന്നതാണ്. ഞങ്ങളുടെ ശവങ്ങളെ ചവിട്ടി മെതിച്ചു കൊണ്ടല്ലാതെ ശത്രുക്കൾക്ക് അങ്ങയിലേക്കെത്താൻ സാധിക്കില്ല. അല്ലാഹുവിന്റെ ദൂതരെ! അങ്ങ് ഉത്തരവ് നൽകുകയാണെങ്കിൽ ഞങ്ങൾ ഞങ്ങളുടെ കുതിരയെ സമുദ്രത്തിലേക്കിറക്കുന്നതാണ്. സഹാബാക്കൾ പറയുന്നു, അത് കേട്ടപ്പോൾ നബി (സ) മുഖം പ്രസന്നമായി.

**വിവാഹം**

അദ്ദേഹത്തിന്റെ നന്മയും സേവനതൽപരതയും കണ്ടു കൊണ്ടായിരിക്കും സ്വയം നബി(സ) അദ്ദേഹത്തിന്റെ വിവാഹത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുകയും സ്വന്തം എളാപ്പയുടെ മകളായ സബാഅ ബിൻത് സുബൈർ (റ) മായി അദ്ദേഹത്തിന്റെ വിവാഹം നടത്തിക്കൊടുക്കുകയും ചെയ്തത്.

**എളിമ**

ഒരിക്കൽ നബി(സ) ഒരു ദൗത്യ നിർവഹണ സംഘത്തിലെ അമീറായി അദ്ദേഹത്തെ നിയമിച്ചു. മടങ്ങി വന്നപ്പോൾ നബി (സ) അദ്ദേഹത്തോട് ചോദിച്ചു, ദൗത്യം എങ്ങിനെയുണ്ടായിരുന്നു? അദ്ദേഹം നേതൃത്വഭാരത്തെ സൂചിപ്പിച്ചുകൊണ്ട് പറഞ്ഞു, അല്ലാഹുവിന്റെ ദൂതരെ! ഇനിയൊരിക്കലും ഞാൻ അമീറാകാൻ ഇഷ്ടപ്പെടുന്നില്ല. ഇത് അദ്ദേഹത്തിന്റെ വിനയത്വത്തെയാണ് സൂചിപ്പിക്കുന്നത്.

**ബഹുമതികൾ**

നബി(സ) ചില സഹാബിമാരെ പ്രത്യേകമായ നിലയിൽ പ്രശംസിച്ചിട്ടുണ്ട്. മിഖ്ദാദ്(റ) ഉം അത്തരം സഹാബികളിൽ ഉൾപ്പെടുന്നു. അതു പോലെ ഒരിക്കൽ നബി(സ) പറഞ്ഞു, അല്ലാഹു എനിക്ക് ഏഴ് മന്ത്രിമാരെ നൽകിയിട്ടുണ്ട് അതിൽ ഒരു പേര് മിഖ്ദാദ്(റ) ന്റെതായിരുന്നു. മറ്റൊരിക്കൽ നബി(സ) പറഞ്ഞു, 4 പേരോട് എനിക്ക് പ്രത്യേക സ്നേഹമുണ്ട്. അതിൽ ഒന്ന് മിഖ്ദാദ്(റ) ആയിരുന്നു. മറ്റൊരിക്കൽ നബി(സ) പറഞ്ഞു, സ്വർഗം പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന സഹാബാക്കളിൽ മിഖ്ദാദ്(റ) ഉം ഉൾപ്പെടുന്നു.

**വഫാത്ത്**

33 ഹിജ്റിയിൽ മദീനയിൽ നിന്നും 3 മൈൽ ദൂരത്തുള്ള ജറഫ് എന്ന സ്ഥലത്തു വെച്ച് 70-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. അവിടെ നിന്ന് അദ്ദേഹത്തിന്റെ ജനാസ തോളിലേറ്റി മദീനയിൽ കൊണ്ടു വരികയും ജന്നത്തുൽ ബഖീഇൽ അടക്കപ്പെടുകയും ചെയ്തു.

വനിതാരംഗം

അബൂ തബസ്സും

# സഹനവും വിനയവും കരസ്ഥമാക്കുക

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആലാ)

അല്ലാഹു പറയുന്നു, സഹനം കൈക്കൊള്ളുന്നവരായിരിക്കണം. നിങ്ങളിൽ ഉയർന്ന ആത്മനിയന്ത്രണം ഉണ്ടായിരിക്കണം. ആരിൽ നിന്നെങ്കിലും അല്പം എന്തെങ്കിലും കേൾക്കുമ്പോൾ തന്നെ ക്ഷമ കൈ വിട്ടുപോകുന്ന അവസ്ഥയാകരുത്.

ഫോൺ എടുത്തു, കലഹം തുടങ്ങി. അല്ലെങ്കിൽ മീറ്റിങ്ങിലോ ഇജ്തിമായിലോ വന്നു അവിടെ വെച്ച് നീ എന്നെ കുറിച്ച് ഇന്നതു പറഞ്ഞു, എന്റെ സഹോദരനെ കുറിച്ച്, എന്റെ സഹോദരിയെ കുറിച്ച്, അല്ലെങ്കിൽ എന്റെ കുട്ടികളെ കുറിച്ച് ഇന്നതു പറഞ്ഞു, നീയാരാണ് അങ്ങിനെ പറയാൻ, എനിക്ക് അവസരം കിട്ടുമ്പോഴൊക്കെ ഞാൻ നിന്നെ അങ്ങിനെ ചെയ്യും ഇങ്ങിനെ ചെയ്യും എന്നൊക്കെയുള്ള ലഹള തുടങ്ങുന്നു.............

ഇത്തരത്തിലുള്ള തിന്മകളെ ഇല്ലാതാക്കുവാൻ ശ്രമിക്കുക. നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നത് എപ്പോഴും ചിന്തയിലുണ്ടായിരിക്കണം. നിങ്ങളുടെ ധാർമിക നിലവാരം ഉന്നതമാകേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളെ എപ്പോഴും മുന്നിൽ വെക്കുക. ജമാഅത്തിൽ തുടരണമെങ്കിൽ നല്ല സ്വഭാവഗുണങ്ങൾ പ്രകടിപ്പിക്കേണ്ടി വരും. അല്ലെങ്കിൽ യാതൊരു പ്രയോജനവുമില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) അതിനൊരുദാഹരണം നൽകിയിട്ടുണ്ട്. വൃക്ഷത്തിലെ ഒരു ശാഖ ഉണങ്ങിയതായി കണ്ടാൽ തോട്ടക്കാരന് സഹിക്കില്ല. ആ ഉണങ്ങിയ ശാഖയെ മുറിച്ച് മാറ്റുന്നു...............

പിന്നീട് അല്ലാഹു വിനയത്തെ കുറിച്ച് പറയുന്നു, വിനയം കാണിക്കുക. ഞാൻ വിനയമുള്ളവളാണെന്ന് നാവുകൊണ്ട് പറയാൻ സാധിക്കുന്നതാണ്. സാമ്പത്തികമായി ഉയർന്നവരോടൊ അല്ലെങ്കിൽ ഒരേ നിലയിലുള്ളവരോടൊ വളരെ താഴ്മയോടുകൂടിയോ അല്ലെങ്കിൽ അഹങ്കാരമോ അഹന്തയോ ഉണ്ടെന്ന് തോന്നാത്ത നിലയിൽ സംസാരിക്കുന്നു. എന്നാൽ അവരിലും സാമ്പത്തിക സ്ഥിതി മോശമായവരോടൊ അല്ലെങ്കിൽ നിലവാരം കുറഞ്ഞവരുമായിട്ടോ ഏതെങ്കിലും സ്ത്രീ സംസാരിക്കുമ്പോഴാണ് യാഥാർത്ഥ്യം മനസ്സിലാവുക. അന്നേരം വിനയമില്ലാത്ത സ്ത്രീകളിൽ നിന്ന് അഹങ്കാരത്തിന്റേയും അഹംഭാവത്തിന്റേയും പ്രകടനം ഉണ്ടായിക്കൊണ്ടിരിക്കുന്നതായി കാണാവുന്നതാണ്. ധനികരോട് വിനയം കാണിക്കുകയും ദരിദ്രരോട് വിനയം കാണിക്കാതിരിക്കുകയും ചെയ്യുക എന്നത് വിനയം അല്ല. ചില സമയത്ത് ഇത് സംഭാഷണങ്ങളിലൂടെയല്ല മറിച്ച് സൂക്ഷിച്ചു നോക്കുകയാണെങ്കിൽ അത്തരത്തിലുള്ള സ്ത്രീകളുടേയും പുരുഷന്മാരുടേയും കണ്ണുകളിൽ നിന്നും അഹംഭാവം പ്രകടമായിക്കാണാവുന്നതാണ്. കഴുത്തിൽ അഹങ്കാരം വെളിവാകുന്നു. അല്ലെങ്കിൽ മുഖങ്ങളിൽ അഹങ്കാരത്തിന്റെ അടയാളങ്ങൾ ദൃശ്യമാകുന്നു. അതിനാൽ നാവു കൊണ്ട് താനെത്ര വലിയ വിനയമുള്ള മനുഷ്യനാണെന്ന് പറഞ്ഞാലും അവസ്ഥ അത് കളവാണെന്നും അവനിൽ യാതൊരു വിനയമില്ലെന്നും പറയുന്നുണ്ടാകും.

പിന്നെ ഉദാഹരണമായി വീട്ടിൽ അലങ്കാരത്തിന്റെ എന്തെങ്കിലും വസ്തു കിടക്കുന്നുണ്ടാകും. അതിനെ കുറിച്ച് ആരെങ്കിലും പുകഴ്ത്തി പറഞ്ഞാൽ വളരെ വിനയാന്വിതരായി പറയും ഇതിന് വലിയ വിലയൊന്നുമില്ല. വില ചോദിക്കുകയാണെങ്കിൽ, അത് വ്യക്തമായ കപട നാട്യമായിരുന്നെന്ന് മനസ്സിലാകും. അത്തരത്തിലുള്ള കാപട്യത്തിന്റെ ആവശ്യമില്ല. അഹ്മദി സമൂഹം ഇതിൽ നിന്നെല്ലാം തികച്ചും പരിശുദ്ധമായിരിക്കണം. യഥാർത്ഥ വിനയവും എളിമയും കാണിക്കേണ്ടതാണ്. നാം വലിയൊരു ലക്ഷ്യവുമായിട്ടാണ് നില കൊണ്ടിട്ടുള്ളത്. അഥവാ ഭൗതീക പ്രശംസയിലും, കാപട്യത്തിലും കുടുങ്ങുകയാണെങ്കിൽ നമ്മുടെ ചുമലിൽ അർപ്പിക്കപ്പെട്ട ഈ സുപ്രധാന ജോലികളെ ആരാണ് പൂർത്തിയാക്കുക?

അല്ലാഹുവിന്റെ റസൂൽ(സ) പറയുന്നു, നിങ്ങൾക്ക് എത്ര വലിയ പദവിയാണോ ലഭിക്കുന്നത്, നിങ്ങൾ അത്രയും താഴേക്ക് കുനിയുക. തൽഫലമായി അല്ലാഹു നിങ്ങളെ അത്രയും ഉയരത്തിലേക്ക് എത്തിച്ചുകൊണ്ടേയിരിക്കുന്നതാണ്. അതിനാൽ വിശ്വാസത്തിന്റെ പദവി എന്നു പറയുന്നത് ദാസരിലല്ലാതെ അല്ലാഹുവിൽ മാത്രം ഭരമേൽപ്പിക്കുന്നതിനേയാണ്. ഇക്കാലത്ത് നാം ആരിലാണോ വിശ്വസിച്ചിട്ടുള്ളത്, ആരുടെ ബയ്അത്തിൽ ചേർന്നുകൊണ്ട് അദ്ദേഹത്തിന്റെ കല്പനകളെ പാലിക്കുന്നതാണ് എന്ന പ്രതിജ്ഞ ചെയ്തിട്ടുണ്ടോ, ആ വ്യക്തിയുടെ വിനയം അതിന്റെ പാരമ്യതയിൽ എത്തിയതായിരുന്നു. അതുകൊണ്ടു തന്നെ അല്ലാഹു സംതൃപ്തി പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു, *തേരീ അജിസാന രാഹേ ഉസേ പസൻദ് ആയീ.* (നിന്റെ വിനയത്തിന്റെ മാർഗങ്ങൾ അവന് ഇഷ്ടപ്പെട്ടു).

അതിനാൽ പൊതുവിൽ എല്ലാ അഹ്മദികളോടും വിശേഷിച്ച് ഭാരവാഹികളോട് ഞാൻ പറയുകയാണ്,വിനയം കാണിക്കുക,വിനയം കാണിക്കുക. വിനയത്തെ സ്വയം തങ്ങളിലും തങ്ങളുടെ അംഗങ്ങളിലും പുരുഷനാണെങ്കിലും സ്ത്രീയാണെങ്കിലും സംജാതമാക്കിയെടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക..... സുന്ദരമായ ആ ധാർമിക ഗുണത്തിലേക്ക് പുതിയൊരു ദൃഢ നിശ്ചയവുമായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുക. വിനയം കാണിച്ചു കൊണ്ട് ജനങ്ങളിൽ നിന്ന് ദുആയും കരസ്ഥമാക്കുക. അതോടൊപ്പം അല്ലാഹുവിൽ നിന്ന് പാപപ്പൊറുതിയുടേയും മഹത്തായ പ്രതിഫലത്തിന്റേയും ജാമ്യവും കരസ്ഥമാക്കുക. വിനയം കാണിക്കുക ഞാൻ പൊറുത്തു തരുന്നതാണ് എന്നു പറഞ്ഞു കൊണ്ട് അല്ലാഹു ഏതെല്ലാം മാർഗങ്ങളിലൂടെയാണ് തന്റെ ദാസരുടെ പാപപ്പൊറുതിക്കുള്ള വ്യവസ്ഥിതികൾ ഒരുക്കുന്നതെന്ന് നോക്കുക. നാമാണ് ഇക്കാര്യങ്ങളെ മനസ്സിലാക്കാതെ അതിൽ നിന്ന് ഓടിയകന്നു കൊണ്ടിരിക്കുന്നത്.

പിന്നീട് പറയുന്നത് സദഖ നൽകുന്നവരായിരിക്കും എന്നാണ്. സദഖ മഹത്തായ ഒരു നന്മയാകുന്നു. സദഖ നൽകുന്നവർ വിജയം പ്രാപിക്കുന്നു. എന്നാൽ കഴിവുണ്ടായിട്ടും ചെലവു ചെയ്യാത്തവരെ അല്ലാഹുവിന്റെ റസൂൽ(സ) വളരെ ശക്തമായ നിലയിൽ മുന്നറിയിപ്പും താക്കീതും നൽകിയിരിക്കുന്നു. ഹദീസിൽ വരുന്നു, എല്ലാ പ്രഭാതത്തിലും രണ്ട് മലക്കുകൾ എഴുന്നേൽക്കുന്നു. അതിൽ ഒന്ന് ഇപ്രകാരം ദുആ ചെയ്യുന്നു, അല്ലാഹുവേ! ചെലവു ചെയ്യുന്ന ദാനശീലർക്ക് കൂടുതൽ നൽകണേ. അതുപോലുള്ള വേറെയും ആൾക്കാരെ സൃഷ്ടിക്കണേ. മറ്റേ മലക്ക് പറയും, ചെലവു ചെയ്യാതെ, തടഞ്ഞു വെക്കുന്ന ലുബ്ധരെ നീ നശിപ്പിക്കേണമേ. അവന്റെ എല്ലാ സമ്പത്തും സ്വത്തും നീ നശിപ്പിക്കേണമേ. എത്തരത്തിലുള്ള മുന്നറിയിപ്പാണെന്ന് നോക്കുക.

കൂടാതെ ഏതുനിലയിലും ഏത് ജോലിയും ചെയ്യാൻ കഴിയുന്ന സഹായിക്കാൻ കഴിയുന്ന വിദ്യാഭ്യാസമുള്ള സ്ത്രീകളുണ്ട്, പെൺകുട്ടികളുണ്ട്. മറ്റുള്ളവർക്ക് വിദ്യാഭ്യാസം നൽകാനോ അല്ലെങ്കിൽ മറ്റെന്തെങ്കിലും പഠിപ്പിക്കാനോ സാധിക്കും. അതും അവർക്ക് സദഖയാകുന്നു. അല്ലാഹു ആഗ്രഹിക്കുന്നത് ഈ സുന്ദരമായ സമൂഹം നിലനാട്ടുന്നതിന്നായി എല്ലാവരും പരസ്പരം ഏതെങ്കിലും നിലയിൽ ഉപകരിച്ചുകൊണ്ടിരിക്കുക എന്നതാണ്. അല്ലാഹു അതിനു പകരമായി തന്റെ ദാസർക്ക് പൊറുത്തു കൊടുക്കുന്നതാണെന്ന വാഗ്ദാനം നൽകിയിരിക്കുന്നു.

*(പ്രഭാഷണം,വാർഷിക ഇജ്തിമ, ലജ്ന ഇമാഇല്ലാഹ്. യു.കെ.)*



# താടി വടിച്ച് ഇസ്‌ലാമിനെ അപമാനിക്കരുത്

**(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ), 1925)**

ജനങ്ങൾ എന്ത് കാരണത്താലാണ് താടി വടിക്കുന്നത് എന്നതിൽ ഞാൻ അൽഭുതപ്പെടാറുണ്ട്. ഞാനും താടി വെക്കുന്നുണ്ട്. താടി വടിക്കുന്നതിനുള്ള ഒരു കാരണവും ഞാൻ കാണുന്നില്ല. തലകുനിച്ച് നടക്കുന്ന ഒരാളോട് കാരണം ചോദിച്ചാൽ താടിയുടെ കനം കൊണ്ടാണ് എന്റെ തല കുനിഞ്ഞുപോകുന്നത് എന്ന് പറയുന്ന ആരേയും ഞാൻ കണ്ടിട്ടില്ല. അല്ലെങ്കിൽ പരിഭ്രാന്തനായി അസ്വസ്ഥനായി പോകുന്ന ഒരാളോട് കാരണം ചോദിച്ചാൽ ചൂടെടുക്കുന്നതുകൊണ്ട് താടി വടിക്കാൻ പോകുകയാണ് എന്ന് പറയുന്ന ആരേയും ഞാൻ കണ്ടിട്ടില്ല. അതുപോലെ എന്തെങ്കിലും ആവശ്യത്താൽ താടി വടിക്കുന്നവരെ ഞാൻ കണ്ടിട്ടില്ല. മറ്റുള്ളവരെ കണ്ടിട്ടാണ് താടി വടിക്കുന്നത്. മറ്റുള്ളവർ ചിരിക്കും, അല്ലെങ്കിൽ മറ്റാരും തന്നെ താടി വെക്കുന്നില്ല എന്ന കാരണത്താലാണ് താടി വെക്കാത്തത്. താടി വടിക്കുന്നതിന് യാതൊരു കാരണവുമില്ലെങ്കിൽ പിന്നെന്തിനാണ് താടി വടിക്കുന്നത്? താടി ഇസ്‌ലാമിന്റെ അടയാളങ്ങളിൽ പെട്ട ഒരു അടയാളമാകുന്നു. മുസ്‌ലിം എന്ന് പറയപ്പെടുന്ന വ്യക്തി അഥവാ താടി വടിച്ച് നടക്കുന്നതു കാണുമ്പോൾ അന്യർ പറയും, മുസ്‌ലിം എന്ന് പറയപ്പെടുന്നുവെങ്കിലും ഹൃദയത്തിൽ ഇസ്‌ലാമിക അടയാളങ്ങളെ സംബന്ധിച്ച് യാതൊരു മതിപ്പോ സ്ഥാനമോ ഇല്ല. അതുകൊണ്ട് താടി വടിക്കുമ്പോൾ ഇസ്‌ലാമിനെ അപമാനിക്കുകയാണ് ചെയ്യുന്നത്. താടി ഭാരമുള്ള ഒരു വസ്തുവുമല്ല. അതുകൊണ്ട് കഠിനമായ ചൂടും ഉണ്ടാകുന്നില്ല എന്നിരിക്കെ, മറു ഭാഗത്ത് താടി ഇസ്‌ലാമിന്റെ അടയാളവും നബി (സ) അത് ആവശ്യപ്പെടുകയും ചെയ്തിരിക്കെ......... നബി(സ) യെ അനുസരിച്ചു കൊണ്ടും ഇസ്‌ലാമിക അടയാളങ്ങളെ ആദരിച്ചു കൊണ്ടും താടി വെക്കുകയാണെങ്കിൽ എന്തു ബുദ്ധിമുട്ടാണുള്ളത്?

ഒരാൾ എന്നോട് ചോദിച്ചു, താടി വെക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ കാര്യമാണോ? നോക്കുക, ചോദിക്കുന്നവർ എന്തെല്ലാം മാർഗങ്ങളാണ് അന്വേഷിക്കുക! അഥവാ ഞാൻ അല്ല എന്നു പറഞ്ഞാൽ, അങ്ങിനെയെങ്കിൽ പിന്നെ താടി വെക്കുകയോ വെക്കാതിരിക്കുകയോ എന്നത് സമമല്ലേ എന്ന് പറയാമല്ലോ എന്നതായിരുന്നു അയാളുടെ ഉദ്ദേശ്യം. എന്നാൽ അതിന് മറുപടിയായി ഞാൻ പറഞ്ഞു, താടി വെക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന കാര്യങ്ങളിൽ പെട്ടതല്ല. എന്നാൽ തിരുനബി(സ) യെ അനുസരിക്കുക എന്നത് അടിസ്ഥാന കാര്യങ്ങളിൽ പെട്ടത് തന്നെയാണ്. *നബി(സ) താടി വെക്കാൻ കൽപിച്ചിട്ടുള്ളതിനാൽ താടി വെക്കേണ്ടത് അനിവാര്യമാകുന്നു.*

---



## വിജ്ഞാനവേദി

**ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )**

**എന്തുകൊണ്ടാണ് സ്ത്രീകളെ പുരുഷന്മാരേക്കാൾ ദുർബ്ബലരായി സൃഷ്ടിച്ചത്. എന്ത് കൊണ്ട് തുല്യരല്ല?**

അവകാശങ്ങളെ സംബന്ധിച്ചേടത്തോളം സ്ത്രീയും പുരുഷനും തുല്യരാണ്. വിശുദ്ധഖുർആൻ സുവ്യക്തമായി ഇത് സ്പഷ്ടമാക്കുന്നു, എന്തെല്ലാം അവകാശങ്ങൾ പുരുഷന് സ്ത്രീയുടെ മേൽ ഉണ്ടോ അവയെല്ലാം സ്ത്രീക്ക് പുരുഷന്റെ മേലും ഉണ്ട്. അതിനാൽ അവകാശങ്ങളുടെ കാര്യത്തിൽ അവർ ദുർബലരല്ല. എന്നാൽ കായികബലം തീർച്ചയായും കുറഞ്ഞിരിക്കുന്നു. അത് കണക്കിലെടുക്കേണ്ടതാണ്. ഉദാഹരണമായി ഒളിമ്പിക്സ് പോലുള്ള അന്തർദേശീയ കായിക മത്സരങ്ങളിലൊന്നും സ്ത്രീ പുരുഷന്മാർ ഒന്നിച്ച് മത്സരിക്കാറില്ല. സ്ത്രീ ബോക്സർ ഒരിക്കലും പുരുഷബോക്സറുടെ കൂടെ മത്സരിക്കാറില്ല. അത് സാധ്യമല്ല. അതുകൊണ്ട് തന്നെ വ്യത്യസ്തമായാണ് നടത്താറ്. ഓട്ടമായാലും നീന്തലായാലും എല്ലാം തന്നെ മത്സരങ്ങൾ വെവ്വേറെയാണ്. ഇത് പ്രകൃതിയിലെ സ്പഷ്ടമായ കാര്യങ്ങളാണ്. എങ്ങിനെ നമുക്ക് ഇത് കണ്ടില്ലെന്ന് നടിക്കാനാവും.

യഥാർത്ഥത്തിൽ അവർ ദൗർബല്യമുള്ളവരായത് കൂടുതൽ മൃദുലവും സുന്ദരവുമാകുവാൻ കൂടിയാണ്. ചിലത് നഷ്ടപ്പെടുമ്പോൾ കൂടുതൽ മൂല്യങ്ങളുള്ളത് ലഭിക്കുന്നു. *സമ്പാ: ഡോ. സി. സലാഹുദ്ദീൻ, കോഴിക്കോട്*

---

## ശതാബ്ദം

**1912 - ഡിസംബർ**

**എസ്.**

▶ പ്രശസ്തമായ അറബിസാഹിത്യങ്ങളുടെ ലിസ്റ്റ് ഹുസൂർ ഡോ.മുഹമ്മദ് ഇഖ്ബാലിന് അദ്ദേഹത്തിന്റെ അഭ്യർത്ഥനപ്രകാരം അയച്ചുകൊടുത്തു.

▶ പുതിയ കണ്ടുപിടുത്തങ്ങളുടെ വെളിച്ചത്തിൽ സ്വപ്നവ്യഖ്യാനത്തെക്കുറിച്ചുള്ള പുതിയ ഗ്രന്ഥം എഴുതാനുള്ള അനുമതി ഹുസൂർ നൽകി.

▶ തുർക്കിയെക്കുറിച്ചുള്ള വാഗ്ദത്തമസീഹിന്റെ പ്രവചനം പൂർത്തിയായി. തുർക്കി ബാൽക്കൻ യുദ്ധത്തിൽ കീഴടക്കപ്പെട്ടു. (1904ൽ വാഗ്ദത്ത മസീഹിന് വെളിപാടുണ്ടായി ' തുർക്കി തങ്ങളുടെ തൊട്ടടുത്ത സ്ഥലത്ത് തോൽപ്പിക്കപ്പെടും, കുറച്ച് വർഷങ്ങൾക്കുള്ളിൽ തങ്ങളുടെ ശത്രുക്കളുടെ മേൽ അവർ ആധിപത്യം സ്ഥാപിക്കും') ഈ പ്രവചനത്തിന്റെ ആദ്യഭാഗം 1912ൽ പൂർത്തിയായി. പിന്നീട് ഒൻപതു വർഷങ്ങൾക്കു ശേഷം 1921ൽ മുസ്തഫ കമാൽ പാഷ ഗ്രീക്കിനെതിരിൽ വിജയം കൈവരിച്ചു. ഇത് അംഗാരയിൽ നിന്ന് ഏതാനും മൈലുകൾ അകലെയാണ്.

▶ ഖാദിയാൻ ജൽസയിൽ ഹുസൂർ രണ്ട് പ്രഭാഷണങ്ങൾ നടത്തി.

▶ ഫ്രഞ്ച് പത്രം 'ദ ഇസ്‌ലാംസ്' എഡിറ്റർ മിസ്റ്റർ നൂർ മുഹമ്മദ് നൊറോയ ജമാഅത്ത് സ്വീകരിച്ചു. മൗറീഷ്യസിൽ നിന്ന് വാഗ്ദത്തമസീഹിനെ ആദ്യമായി വിശ്വസിച്ചവരിൽ അദ്ദേഹവും ഉൾപ്പെടുന്നു.

വീക്ഷണവിശേഷം

ഒബ്സർവർ

# ഉണ്ടോ യഥാർത്ഥ മുസ്ലിം ?

ശബാബിന്റെ ഒക്ടോബർ 19 ലക്കത്തിൽ, പ്രവാചകൻ വിഭാവനം ചെയ്ത അതേ അർഥത്തിലുള്ള ഇസ്ലാം നിലനിൽക്കുന്നുണ്ടോ എന്ന ഒരു സുഹൃത്തിന്റെ ചോദ്യത്തിന് മുന്നിൽ അന്ധാളിക്കുന്ന, മുഖാമുഖത്തിലെ മുസ്ലിം, വർത്തമാനകാല മുസ്ലിമിന്റെ നേർചിത്രമാണ് വായനക്കാർക്ക് സമ്മാനിക്കുന്നത്.

എന്താണ് മുസ്ലിമേ, അവസാനകാലത്ത് യഥാർത്ഥ ഇസ്ലാമിൽ ഉൾപ്പെടാനുള്ള മാനദണ്ഡം? കക്ഷിപ്രതികക്ഷികളായി നിരന്തരം അമീബയെ പോലെ ഭിന്നിക്കുന്ന കക്ഷികളുടെ പാർട്ടി അംഗമായാൽ, അതാണോ ആ സുഹൃത്ത് ചോദിച്ച മുസ്ലിമിനുള്ള ക്വാളിറ്റി ? മില്യൺ കണക്കിന് സ്വേഷ്ടപ്രകാരം മുസ്ലിമായി ജീവിക്കുന്നവരാണോ ഇസ്ലാമിന്റെ വക്താക്കൾ? സ്വയം, സമർപ്പിത ജീവിതമെന്ന് സ്വയം പ്രഖ്യാപിച്ചാൽ അത് ഇസ്ലാമാകുമോ മുസ്ലിമേ ? അതാണോ മോക്ഷാർഹമായ പാത?

നബിതിരുമേനി(സ) അവസാനകാലത്തെ മോക്ഷാർഹമായ കക്ഷിയെ പരിചയപ്പെടുത്തി തന്നത്, മുസ്ലിമിന് ഓർമയില്ലെങ്കിൽ, ഞങ്ങൾ വിവരിച്ചു തരാം.

വിശ്വാസികളെ സംബോധന ചെയ്തു കൊണ്ട് വിശുദ്ധഖുർആൻ പറയുന്നു :

وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ

നിങ്ങൾ മുസ്ലിംകളാകാതെ മരിക്കരുത്.

**ഏതാണ് ഈ മുസ്ലിം ?**

റസൂൽ തിരുമേനി(സ) പറയുന്നു :

*തൽസമു ജമാഅത്തുൽ മുസ്ലിമീന*
*വ ഇമാമഹും ഫഅ്തസിൽ തിൽക്കൽ*
*ഫിർഖ കുല്ലഹാ*

നിങ്ങൾ ജമാഅത്തുൽ മുസ്ലിമിനേയും അവരുടെ ഇമാമിനേയും മുറുകെ പിടിക്കുക. എല്ലാ കക്ഷി പ്രതികക്ഷികളേയും ഒഴിവാക്കുക.

ഈ ജമാഅത്തിനെ നബി (സ) കുറേക്കൂടി വിശദീകരിച്ച് തന്നത് ഇങ്ങനെയാണ്, എന്റെ സമുദായം 73 ആയി പിരിയും. എല്ലാവരും നരകത്തിന്റെ ആളുകളായിരിക്കും, ഒരു കൂട്ടരൊഴികെ. അതാരാണെന്ന് ചോദിച്ചപ്പോൾ നബി(സ) പറഞ്ഞു: *വഹിയൽ ജമാഅ!* അതായത് അത് അൽ ജമാഅത്തായിരിക്കും.

തീർന്നില്ല നബി (സ) അവരുടെ സവിശേഷതയായി പറഞ്ഞത്

*മാ അന അലൈഹി വ അസ്ഹാബി*

അവർ ഞാനും എന്റെ സഹാബാക്കളെയും പോലെ ഉള്ള സ്ഥിതിയിൽ ഉള്ളവരായിരിക്കും എന്നാണ്.

എന്തായിരുന്നു ആ സഹാബത്തിന്റെ സ്ഥിതി ?

ഹ : ഉമർ (റ) വിവരിക്കുന്നു.

*ലാ ഇസ്ലാമ ഇല്ലാബിൽ ജമാഅ:*
*വലാ ജമാഅത്ത ഇല്ലാബിൽ ഇമാറ:*
*വലാ ഇമാറത്ത ഇല്ലാബിൽ ഇത്താഅ:*

അതായത് ജമാഅത്തില്ലാതെ ഇസ്ലാമില്ല, ഇമാറത്ത് (നേതൃത്വം) ഇല്ലാതെ ജമാഅത്തില്ല, ചോദ്യം ചെയ്യപ്പെടാതെ അനുസരിക്കാതെ നേതൃത്വവുമില്ല.

ഈ സംഗതി എല്ലാ സഹാബാക്കളും ഉൾക്കൊണ്ടവരായിരുന്നു. അത് കൊണ്ടാണ് ഹദ്റത് റസൂൽ തിരുമേനി(സ) വഫാത്തായ ഉടനെ തന്നെ അവർ ഹ: അബൂബക്കർ (റ) നെ ഖലീഫയായി തിരഞ്ഞെടുത്തത്. ഒരിക്കൽ ഒരു സഹാബിയോട് 'മത്താ ബുഇയൽ അബൂബക്കർ?' താങ്കൾ എപ്പോഴാണ് അബൂബക്കറിന് ബയ്അത്ത് ചെയ്തതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം ഖലീഫയായ ഉടനെ എന്നാണ് മറുപടി കൊടുത്തത്. അതിന് കാരണം പറഞ്ഞത് ഒരു നിമിഷം പോലും തങ്ങൾ ഇമാമില്ലാതെ ഇരിക്കാൻ ഇഷ്ടപ്പെടുന്നില്ലെന്നാണ്.

ഹ:അലി (റ) നെ ശഹീദാക്കിയതോടു കൂടി മുസ്ലിംകൾക്ക് ഖിലാഫത്ത് സംവിധാനം നഷ്ടമായി. അന്ന് പൊട്ടിപ്പിളരാൻ തുടങ്ങിയ ആഗോളസമുദായം ഇന്ന് ചെറിയ ചെറിയ തുരുത്തുകളിൽ സ്വേഷ്ടപ്രകാരം ജീവിക്കുന്നു.

തങ്ങൾക്ക് അനിഷ്ടമായതിനെയൊക്കെ ഫത്വയുടെ ചാട്ടവാർ കൊണ്ട്, മാത്രം കക്ഷിപ്രതികക്ഷികൾ നേരിട്ടുകൊണ്ടിരുന്നു. അതിന്റെ ദുർമുഖമാണ് കാഫിറാക്കൽ പ്രക്രിയ. ചുരുക്കം പറഞ്ഞാൽ പരസ്പരം കാഫിറാക്കൽ. ഫത്വയുടെ ഫലമായി സകലരും പരസ്പരം കുഫ്റിന്റെ ഭാണ്ഡം പേറുകയാണ്. അത് കൊണ്ട് തന്നെ ഇസ്ലാമിന്റെ അടിസ്ഥാന തത്വങ്ങളിൽ പ്പോലും ഭിന്നിക്കുകയാണ്. ഈമാൻ ഇസ്ലാം കാര്യങ്ങളിൽ ഒന്നിൽ പോലും മുസ്ലിംകൾക്ക് യോജിപ്പില്ലാതായി. അതിന്റെ പേരിൽ കത്തികുത്തും കൊലപാതകവും വരെ നിത്യസംഭവമായിരിക്കുന്നു. അത് കൊണ്ടാണ് ചോദ്യകർത്താവ്, യഥാർത്ഥ മുസ്ലിമിനെ കാണാൻ കൊതിക്കുന്നത്.

അവസാന കാലത്ത് ഇസ്ലാമിന്റെ പുനരാവിഷ്കരണമാണ് വാഗ്ദത്ത മഹ്ദി മസീഹിലൂടെ ഉണ്ടാവുക.

സഹീഹ് മുസ്ലിമിൽ പറയുന്നു.

*ഫ അമ്മക്കും ബി കിത്താബി റബ്ബിക്കും*
*അസ്സവജല്ല വബി സുന്നത്തി*
*നബിയ്യിക്കും (സ).*

അതായത് അദ്ദേഹം ഖുർആനും, തിരുസുന്നത്തും അനുസരിച്ച് ഇമാഅത്ത് വഹിക്കുന്നതാണ്.

അതിലൂടെ മാത്രമേ യഥാർത്ഥ ഇസ്ലാമായി ജീവിക്കാൻ കഴിയു. ആ സുഖമമായ സരണിയാണ് വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത് മിർസാ ഗുലാം അഹ്മദ് (അ) മുഖേന അല്ലാഹു തുറന്ന് തന്നിരിക്കുന്നത്. ആ മഹാത്മാവിലൂടെ ഇവിടെ *ഖിലാഫത്തുൻ അലാ മിൻഹാജി നുബുവ്വ:* നുബുവ്വത്തിന്റെ മാർഗ്ഗത്തിലൂടെ ഖിലാഫത്ത് സ്ഥാപിതമായിരിക്കുന്നു.

ആ ദിവ്യസംഘത്തിന്റെ ഭാഗമായാൽ മാത്രമേ യഥാർത്ഥ മുസ്ലിമായി ജീവിക്കാനും മരിക്കാനും കഴിയൂ.

ഹദ്റത് അഹ്മദ് (അ) പറയുന്നു :

"നിങ്ങൾ ദൃഢമായും അറിഞ്ഞു കൊള്ളുവിൻ ഇത് ദൈവത്തിന്റെ കയ്യാൽ നടപ്പെട്ട ചെടിയാണ്. ദൈവം ഒരിക്കലും ഇതിനെ വ്യർഥമാക്കികളയുകയില്ല. ഇതിനെ അതിന്റെ വിജയപൂർണിമയിലെത്തിക്കുന്നത് വരെ അവൻ തൃപ്തിപ്പെടുകയില്ല. അവൻ ഇതിന്മേൽ വെള്ളം ചൊരിയുകയും ഇതിനെ വളർത്തുകയും ഇതിന്റെ ചുറ്റും രക്ഷാവേലി കെട്ടുകയും ചെയ്യും. അങ്ങനെ അവൻ എന്റെ അനുയായികളെ അത്ഭുതകരമായ പുരോഗതിയും അഭിവൃദ്ധിയും നൽകി അനുഗ്രഹിക്കും" (അഞ്ചാമെ ആഥിം)

ഒരു സത്യാത്മാവിനെ തിരിച്ചറിയാൻ കഴിയാത്ത നേത്രങ്ങൾ കാഴ്ച്ചയുള്ളവയാണോ ? ഈ സ്വർഗീയ വിളിയോട് പ്രതികരിക്കാത്തവനും ജീവനുള്ളവനാണോ?

(ഈസാലെ ഔഹ)


*ഗുട്ടൻസ് : പരസ്പരം കുഫ്ർ വിധിക്കുന്ന പണ്ഡിതസഭകൾ ഒറ്റക്കെട്ടായാണ്, കുറേ കൂടി വ്യക്തമായി പറഞ്ഞാൽ 144 സംഘടനകൾ ഒന്നിച്ചെടുത്ത തീരുമാനമാണത്രെ അഹ്മദികൾ കാഫിറാണെന്ന ഫത്വ!*

# മേഖലാ സമ്മേളനങ്ങൾ

**കോഴിക്കോട്**: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കോഴിക്കോട് മേഖലാ സമ്മേളനം നവംബർ 3-4 ശനി ഞായർ ദിവസങ്ങളിലായി കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസി ൽ വച്ച് നടന്നു. മൗലാനാ സുൽത്താൻ അഹ്മദ് സാഹിബ്




സഫർ (പ്രിൻസിപ്പാൾ, ജാമിഅത്തുൽ മുബശ്ശിരീൻ) പതാക ഉയർത്തി സമ്മേളനം ഉൽഘാടനം ചെയ്തു.ഹാഫിസ് മുഹമ്മദ് അബുൽവഫാ സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ച ഉദ്ഘാടന സമ്മേളനത്തിൽ മേഖലാ അമീർ കെ.എം. അഹ്മദ് കോയ സാഹിബ് അധ്യക്ഷനായിരുന്നു. അഹ്സാൻ അഹ്മദ് സാഹിബ് പദ്യമാലപിച്ചു. അഹ്മദ് കുട്ടി സാഹിബ്, സദർ കൊടിയത്തൂർ, അബ്ദുൽ കരീം സാഹിബ്, സദർ കമ്പളക്കാട്, അൽത്താഫ് സാഹിബ്, സദർ




വടകര, പി.എം.ബശീർ അഹ്മദ് സാഹിബ്, സദർ മാത്തോട്ടം എന്നിവർ ആശംസകൾ നിർവ്വഹിച്ചു. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് - വിവാഹബന്ധത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, മൗലവി സുൽത്താൻ നസീർ സാഹിബ് - അഹ്മദിയ്യാ ജമാഅത്തിന്റെ സർവോത്മുഖ പുരോഗതി, നല്ല കുടുംബം- അബ്ദുസ്സലാം സാഹിബ്, ഡോ. സലാഹുദ്ദീൻ സാഹിബ് - വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ ലക്ഷ്യം, ഇ.എച്ച്.നജീബ് സാഹിബ് - ശാസ്ത്രീയ ഗവേഷണങ്ങൾ: പ്രത്യാശകളും ആശങ്കകളും, മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് - തൗഹീദിലേക്കുള്ള ക്ഷണം ഏക രക്ഷ, മൗലവി മുഹമ്മദ് ആരിഫ് സാഹിബ് - ഖിലാഫത്തിന്റെ സ്വാധീനവും ലോകത്തിന്റെ ഭാവിയും, മൗലവി സഫർ അഹ്മദ് സാഹിബ് - നമസ്കാരത്തിന്റെ പ്രാധാന്യം, മൗലവി എം. നാസിർ സാഹിബ് - കലയുടെയും സദാചാരത്തിന്റെയും അഹ്മദിയ്യാ വീക്ഷണം എന്നീ വിഷയങ്ങളിൽ പ്രഭാഷണം നടത്തി. മതാചാര്യന്മാർ ആദരിക്കപ്പെടുന്നു എന്ന പ്രമേയത്തിൽ ശനിയാഴ്ച വൈകുന്നേരം നടന്ന പൊതുസമ്മേളനം മേഖലാ അമീർ കെ.എം. അഹ്മദ് കോയ സാഹിബിന്റെ അധ്യക്ഷതയിൽ മൗലാനാ സുൽത്താൻ അഹ്മദ് സാഹിബ് സഫർ ഉദ്ഘാടനം ചെ യ്തു. മൗലവി മുഹമ്മദ് സലിം സാഹിബ് കൊടുങ്ങല്ലൂർ - മുഹമ്മദ് നബി(സ) : ജീവിത മാതൃക, ഏ.എം. മുഹമ്മദ് സലീം സാഹിബ് - യേശു ക്രിസ്തു, എം. അബ്ദുറഹ്മാൻ സാഹിബ് - ശ്രീകൃഷ്ണൻ: ഭാരതത്തിലെ പ്രവാചകൻ, പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ് - ശ്രീരാമൻ: ഒരു സത്യപ്രവാചകൻ, മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് - ബാബാ ഗുരുനാനാക്ക്, മൗലവി എം.നാസർ അഹ്മദ് സാഹിബ് - ഹദ്റത് അഹ്മദ് (അ): വാഗ്ദത്തലോകോദ്ധാരകൻ എന്നീ വിഷയങ്ങളെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

ഡോ. സലാഹുദ്ദീൻ സാഹിബ് മോഡറേറ്റർ ആയിക്കൊണ്ട് നടന്ന ചോദ്യോത്തരപരിപാടിയിൽ മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ്, ഏ.എം. മുഹമ്മദ് സലീം സാഹിബ് എന്നിവർ ഉത്തരം നൽകി. സമാപനസമ്മേളനത്തിൽ ശാഖാസംഘടനകളെയും പ്രതിഭകളെയും ആദരിച്ചു.

**കരുളായി**: 2012 നവംബർ 10ന് മലപ്പുറം മേഖലാ സമ്മേളനം മൗലാനാ സുൽത്താൻ അഹ്മദ് സാഹിബ് സഫർ (പ്രിൻസിപ്പാൾ,ജാമിഅത്തുൽ മുബശ്ശിരീൻ) ഉദ്ഘാടനം ചെയ്തു. ഇസ്‌ലാമിന്റെ വിജയം എന്ന വിഷയത്തെ ആസ്പദമാക്കി മൗലവി.നാസർ അഹ്മദ് സാഹിബ് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം എന്ന വിഷയത്തെ ആസ്പദമാക്കി മൗലവി സലീം സാഹിബ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി. മേഖലാ അമീറിന്റെ പ്രതിനിധിയായി കൊണ്ട് ടി.കെ. മഹ്മൂദ് സാഹിബ് സമാപനപ്രഭാഷണം നിർവ്വഹിച്ചു.

**എറണാകുളം**: 2012 നവംബർ 11 ന് ടൗൺ ഹാളിൽ വെച്ച് നടത്തപ്പെട്ടു. രാവിലെ 9.30 ന് ആരംഭിച്ച ഉൽഘാടന സമ്മേളനം മൗലാനാ സുൽത്താൻ അഹ്മദ് സാഹിബ് സഫർ (പ്രിൻസിപ്പാൾ ജാമിഅത്തുൽ മുബശ്ശിരീൻ ഖാദിയാൻ) ഉൽഘാടനം ചെയ്തു. എറണാകുളം മേഖല അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് അദ്ധ്യക്ഷനായിരുന്നു. യാസർ അറഫാത് സാഹിബ് തിലാവത്തുൽ ഖുർആനും, കാക്കനാട് നാസിറാത്തുൽ അഹ്മദിയ്യ സംഘഗാനവും അവതരിപ്പിച്ചു. തുടർന്ന് നടന്ന തഅ്ലീം തർബിയ്യത്ത് സമ്മേളന ത്തിൽ ഇ.എച്ച്.നജീബ് സാഹിബ് ആധുനിക യുഗവും ദൈവാസ്തിക്യവും എന്ന വിഷയത്തിലും, സുബൈർ അഹ്മദ് സാഹിബ് ജമാഅത്തിലെ ഖളാ സംവിധാനവും വൈവാഹിക പ്രശ്നങ്ങളും എന്ന വിഷയത്തിലും, മൗലവി എം. നാസിർ അഹ്മദ് സാഹിബ് ഖിലാഫത്തും ദൈവിക സഹായവും എന്ന വിഷയത്തിലും പ്രഭാഷണം നടത്തി.

ഉച്ചക്ക് ശേഷം നടന്ന തബ്‌ലീഗ് സമ്മേളനത്തിൽ മുഹമ്മദ് ശരീഫ് സാഹിബ് കാരുണ്യത്തിന്റെ പ്രവാചകൻ വാഗ്ദത്ത മസീഹിന്റെ ദൃഷ്ടിയിൽ , മൗലവി മുഹമ്മദ്




നജീബ്ഖാൻ സാഹിബ് മസീഹ് മൗഊദ്(അ)നെതിരിലുള്ള വിമർശനങ്ങൾക്ക് മറുപടി. മൗലവി സുൽതാൻ നസീർ സാഹിബ് അഹ്മദിയ്യത്ത് ലോകത്തിന് നൽകിയ സംഭാവനകൾ എന്നീ വിഷയങ്ങളെ അധികരിച്ച് പ്രഭാഷണങ്ങൾ നടത്തി. ശാഹുൽ ഹമീദ് സാഹിബ്, സദ്ർ ജൽസാ കമ്മിറ്റി നന്ദി പറഞ്ഞു. തുടർന്ന് ദുആയോടു കൂടി സമ്മേളനം പര്യവസാനിച്ചു.



പാലക്കാട് ടൗൺഹാളിൽ 2012 നവംബർ 13ന് നടന്ന മേഖലാ സമ്മേളനം മേഖലാ അമീർ പ്രൊഫ.എം.കെ. അബ്ദുൽ കരീം സാഹിബിന്റെ അധ്യക്ഷതയിൽ മൗലാനാ സുൽത്താൻ അഹ്മദ് സാഹിബ് സാഹിബ് സഫർ ഉദ്ഘാടനം ചെയ്തു. സൗഹാർദ്ദസമ്മേളനത്തിൽ റവ.ഫാദർ ജോൺസൺ. ഇ.ജോർജ്ജ് (സി.എസ്.ഐ.ചർച്ച്, പാലക്കാട്) സ്വാമി പ്രഭാകരാനന്ദ സരസ്വതി(ജന.സെക്രട്ടറി,കേരള സന്യാസിസഭ) എന്നിവർ പങ്കെടുത്തു.

**തഹ്‌രീക് ജദീദ്: സുവർണമുദ്രകൾ**

**സമ്പാദക: എസ്. സുൽത്വാന**



## ഈജിപ്റ്റ് Egypt

- അലക്സാൺഡ്രിയയിലെ സയ്യദ് അഹ്മദ് സുഹ്‌രി ബദ്‌റുദ്ദീൻ സാഹിബ് മസീഹ് മൗഊദ്(അ)ന്റെ അനുഗ്രഹീത കാലഘട്ടത്തിൽ തന്നെ അഹ്മദിയ്യ ജമാഅത്ത് സ്വീകരിച്ചു. മൗലവി ഗുലാം നബി സാഹിബ് ഈജിപ്റ്റിൽ ചെന്ന് അവിടെ ജമാഅത്ത് പ്രചരണം ആരംഭിച്ചു. സയ്യിദ് സൈനുൽ അബിദീൻ വലിയുല്ലാഹ് ഷാഹ് സാഹിബും ശൈഖ് അബ്ദുർ റഹ്മാൻ സാഹിബും ഒന്നാം ഖിലാഫത്ത് കാലത്ത് ഈജിപ്റ്റിൽ പഠനത്തിനായി പോവുകയും ജമാഅത്തിന്റെ സന്ദേശം പ്രചരിപ്പിക്കാൻ ആരംഭിക്കുകയും ചെയ്തു.

- **1922**ന്റെ ആരംഭത്തിൽ ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ശൈഖ് മുഹമ്മദ് അഹ്മദ് സാഹിബ് ഇർഫാനിയെ ഈജിപ്റ്റിലേക്ക് അയക്കുകയും, അദ്ദേഹം അവിടെ തന്റെ ആദ്യവർഷത്തിൽ തന്നെ വിജയകരമായി ജമാഅത്ത് സ്ഥാപിക്കുകയും ചെയ്തു. 1922ലെ ജൽസാ സാലാനായിൽ ഹുസൂർ പറഞ്ഞു "അഹ്മദിയ്യാ പ്രസ്ഥാനം ഈജിപ്റ്റിൽ സ്ഥാപിതമായിരിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് ഒരു വിദ്യാർത്ഥി മുഖേനയാണ്".

- **1923** ഡിസംബറിൽ ഇർഫാനി സാഹിബ് കസ്‌റെ നീൽ എന്ന ഒരു വാരിക ആരംഭിച്ചു. അദ്ദേഹം 1926 വരെ അവിടെ സേവനം ചെയ്തു.
മൗലാനാ ജലാലുദ്ദീൻ ഷംസ് സാഹിബ് അൽ അസർ സർവ്വകലാശാല ബിരുദധാരിയായ കമാൽ മൻസൂർ എന്ന ക്യസ്തീയ പുരോഹിതനുമായി സംവാദത്തിൽ ഏർപ്പെടുകയും അതിൽ ആ ക്യസ്ത്യൻ മിഷനറി നിശബ്ദനായി പോവുകയും ചെയ്തു.

- **1933**ൽ മൗലാനാ അബ്ദുൽ അത്താ സാഹിബ് ജലന്ധരി പ്രശസ്തനായ ക്രിസ്തീയ മിഷനറി ഡോ. ഫിലിപ്സുമായി സംവാദം നടത്തി. അതിൽ ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ ക്രിസ്തീയ അദ്ധ്യാപനങ്ങളേക്കാൾ മഹത്തരമാണെന്ന് തെളിയിക്കപ്പെട്ടു.

- **1942**ൽ അൽ അസ്ർ സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിയായ മഹ്മൂദ് ശൽതൂത്ത് ഈസാ(അ) കൊല്ലപ്പെട്ടിട്ടില്ലെന്നും ക്രൂശിക്കപ്പെട്ടിട്ടില്ലെന്നും സാധാരണഗതിയിലുള്ള ഒരു മരണമായിരുന്നു അദ്ദേഹത്തിന്റേതെന്നും അദ്ദേഹത്തിന്റെ ആത്മാവ് ദൈവം തിരിച്ചെടുത്തുവെന്നും വിധി പ്രസ്താവിച്ചു.

## സിറിയ & ഫലസ്തീൻ Syria Palestine

- ജമാഅത്ത് സ്ഥാപിക്കപ്പെടുന്നതിന് എത്രയോ മുമ്പേ തന്നെ വാഗ്ദത്ത മസീഹിന് അല്ലാഹു അറിയിച്ചിരുന്നു, അതായത് സിറിയയിലേയും മറ്റ് അറബ് രാജ്യങ്ങളിലേയും സത്യസന്ധരായ ആളുകൾ അദ്ദേഹത്തിനായി ദുആ ചെയ്യുന്നു എന്ന്. അറബ് രാജ്യങ്ങളിൽ തന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനായി ഹുസൂർ ഒരു പാട് ഗ്രന്ഥങ്ങൾ അറബിയിലും എഴുതിയിട്ടുണ്ട്.


- മക്കയിലെ മുഹമ്മദ് ബിൻ ശെയ്ക്ക് അഹ്മദ്, ട്രിപ്പോളിയിലെ മുഹമ്മദ് സയ്ദ് ഉൻ നിഷാർ അൽ ഹംദാനി തായിഫിലെ ഉസ്മാൻ സാഹിബ്, യമനിലെ അൽഹാജ് മുഹമ്മദ് അൽ മഗ്‌രാബി, എന്നിവർ വാഗ്ദത്ത മസീഹിന്റെ അനുഗ്രഹകാലഘട്ടത്തിൽ തന്നെ അഹ്മദിയ്യത്ത് സ്വീകരിച്ചു. 1924 ആഗസ്റ്റ് 10ന് ലണ്ടനിലേക്ക് വിംബ്ലി കോൺഫ്രൻസിൽ പങ്കെടുക്കാൻ പോകുന്ന വഴി ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ പലസ്തീനിലെത്തി. അദ്ദേഹം ബൈത്തുൽ മഖ്ദസും അക്കയിലെ ബഹായി സെന്ററും സന്ദർശിച്ചു. ഹുസൂർ മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസിനെ സിറിയയിലേക്ക് അയച്ചുകൊണ്ട് പറഞ്ഞു, ' അറേബ്യയിലെ ജനങ്ങളോട് നമുക്ക് വലിയ കടപ്പാടുണ്ട്, കാരണം അവർ കാരണമാണ് ഞമ്മൾ മുസ്‌ലീംകളായി ഇരിക്കുന്നത്. നമ്മുടെ ജീവിതം അവരോട് കടപ്പെട്ടിരിക്കുന്നത്. ആ കടം തിരിച്ചടക്കാനാണ് നമ്മുടെ മിഷനറിമാർ അവിടെ പോകുന്നത്.

- മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസ് സിറിയയിലെ ഹെഡ് ക്രിസ്ത്യൻ മിഷനറിയായ ആൽഫ്രഡ് നെൽസണുമായി സംവാദം നടത്തി. ഇതിലൂടെ സയദ് മുനീർ അൽ ഹസാനി അഹ്മദിയ്യത്ത് സ്വീകരിച്ചു. പിൽക്കാലത്ത് ഇദ്ദേഹം സിറിയയുടെ അമീറായും മിഷനറിയായും സേവനമനുഷ്ഠിച്ചു. 1928 മാർച്ച് 9ന് സിറിയ ഗവർമെന്റ് മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസിന് സിറിയയിൽ താമസിക്കുന്നതിന് വിലക്കേർപ്പെടുത്തി. മുസ്‌ലിഹ് മൗഊദ് (റ) ഇതിനെക്കുറിച്ച് അറിഞ്ഞപ്പോൾ അദ്ദേഹത്തോട് പലസ്തീനിലേക്ക് പോകാൻ നിർദ്ദേശിച്ചു. 1928 മാർച്ച് 17ന് അദ്ദേഹം ഹൈഫയിലെത്തുകയും ജമാഅത്ത് സ്ഥാപിക്കുകയും ചെയ്തു. അവിടെ വളരേയധികം എതിർപ്പുകൾ അഭിമുഖീകരിക്കേണ്ടി വന്നുവെങ്കിലും, കബാബീറിൽ വച്ച്, വാഗ്ദത്ത മസീഹിന്റെ കാലഘട്ടത്തിൽ തന്നെ അഹ്മദിയ്യത്ത് സ്വീകരിച്ച അൽഹാജ് മുഹമ്മദ് അൽ മഗ്‌രാബി അൽ ത്രബ്‌ലാസിയെ കാണുന്നതിൽ അദ്ദേഹം വിജയിച്ചു.

- **1931** ഏപ്രിൽ 3ന് ജാമിഅ സയ്ദിനാ മഹ്മൂദ് മോസ്കിന് തറക്കല്ലിട്ടു. 1931 സെപ്റ്റംബർ 4ന് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ നിർദ്ദേശമനുസരിച്ച് മൗലാനാ അബുൽ അത്താ സാഹിബ് ഹൈഫയിലെത്തി.
- **1934** ജനുവരിയിൽ മദ്രസ്സ അഹ്മദിയ്യാ ആരംഭിക്കുകയും മൗലാനാ അബുൽ അത്താ സാഹിബ് അതിന്റെ ആദ്യത്തെ പ്രിൻസിപ്പലായി നിയോഗിപ്പെടുകയും ചെയ്തു.
- **1935** മാർച്ച് 6ന് കബാബീറിൽ അറബ് ലോകത്തെ തന്നെ ആദ്യത്തെ അഹ്മദിയ്യാ പ്രസ്സ് സ്ഥാപിക്കപ്പെട്ടു.
- **1935** ജനുവരിയിൽ അൽബുഷ്‌റ മാസിക ആരംഭിച്ചു.



ആരോഗ്യം



# നവജാത ശിശു

ഡോക്ടർ മുഹമ്മദ് മസ്ഊദുൽ ഹസൻ സാഹിബ് നൂരി

## നവജാത ശിശു: ശ്രദ്ധിക്കേണ്ട കാര്യങ്ങൾ





ജനനത്തിന് ഏതാനും ആഴ്ചകൾക്കു ശേഷം കുട്ടി അസ്വസ്ഥനാകുന്നെങ്കിൽ, പാല് കുടിക്കുന്നില്ലെങ്കിൽ, നിരന്തരമായി മലബന്ധമുണ്ടാകുന്നുവെങ്കിൽ, കളിയും ചിരിയും ഇല്ലെങ്കിൽ, മുഖം വിളറിയിരിക്കുകയാണെങ്കിൽ, വളരെ പതിഞ്ഞ സ്വരത്തിൽ കരയുകയാണെങ്കിൽ, രാവും പകലും ഉറങ്ങുകയാണെങ്കിൽ, അധികസമയവും ഉറങ്ങുകയാണെങ്കിൽ ഉടൻ തന്നെ ഡോകടറെ കാണിക്കേണ്ടതാണ്.








**6** മാസമാകുമ്പോൾ **26** ഇഞ്ചാകുന്നു. ഒരു വർഷത്തിനു ശേഷം **30** ഇഞ്ചാകുന്നു. **2** വർഷത്തിനു ശേഷം **33** ഇഞ്ചാകുന്നു. **3** വർഷങ്ങൾക്കു ശേഷം **37** ഇഞ്ചും, **4** വർഷമാകുമ്പാൾ **40** ഇഞ്ചും, **7** വർഷമാകുമ്പോൾ **47** ഇഞ്ചുമാകുന്നു. പിന്നീട് ഓരോ വർഷവും ഏകദേശം **2** ഇഞ്ച് വളരുന്നു. **13** വയസ്സാകുമ്പോൾ ജനന സമയത്തുള്ളതിന്റെ **3** ഇരട്ടിയാകുന്നു.

**കുട്ടികളുടെ പൊക്കക്കുറവിന് കാരണം:** നീണ്ടകാലം പോഷകക്കുറവ്, വയറ്, ഹൃദയം, ശ്വാസകോശം, വൃക്ക, ഗ്രന്ഥികൾ എന്നിവയുടെ രോഗങ്ങൾ, വീണ്ടും വീണ്ടും വരുന്ന മലേറിയ, മരുന്നുകളുടെ ഉപയോഗം, ഗർഭവേളയിലെ മാതാവിന്റെ വികാര സമ്മർദ്ദങ്ങളും അശ്രദ്ധയും.

എപ്പോഴും തിളപ്പിച്ചാറ്റിയ വെള്ളം നൽകുക. പ്രതിരോധ കുത്തിവെപ്പുകൾ സമയത്ത് നടത്തുക, കൊതുകകളിൽ നിന്നും ഈച്ചകളിൽ നിന്നും രക്ഷിക്കുക, ഉചിതമായ ഉറക്കം, ശുദ്ധ വായു, സൂര്യപ്രകാശം എന്നിവയ്ക്കുള്ള സൗകര്യം ഒരുക്കിക്കൊടുക്കുക.




പൊതുവിജ്ഞാനം

# സമുദ്ര പഠനങ്ങൾ

പ്രൊഫ. ഹബീബുല്ലാഹ് ഖാൻ, റബ്‌വ

**ഭൂമിയുടെ നാലിൽ മൂന്ന് ഭാഗവും സമുദ്രമാണ്.**
**328,000,000 cubic miles സമുദ്രജലം ഭൂമിയിലുണ്ട്**
**ആകെ ഭാരത്തിന്റെ 0.022% ഭാഗവുമാണ്.**





Bartolomeu Dias

സമുദ്ര പാതകളുടെ ആദ്യ അന്വേഷണം ക്യാപ്റ്റൻ ബാർത്തോലോമോ ഡിയാസ് (Captain Bartolomeu Dias) **1488** ലാണ് നടത്തിയത്.




**1489 - 1498** ൽ വാസ്ക്കോഡ ഗാമ (Vasco da gama) ഇന്ത്യയിലെത്താനുള്ള മാർഗ്ഗമന്വേഷിച്ച് അറബികളുടെ സഹായത്തോടെ മലബാർ തീരത്തെത്തി. അറബികൾ ഇന്ത്യൻ സമുദ്രത്തിലെയും, അറേബ്യൻ സമുദ്രത്തിലെയും വഴികളെക്കുറിച്ച് നല്ലപോലെ അറിവുള്ളവരായിരുന്നു.

ക്യാപ്റ്റൻ ജയിംസ് കുക്ക് (Captain James Cook) **1769 - 79** കാലത്ത് മൂന്ന് വലിയ യാത്രകൾ ചെയ്തു. ആദ്യ യാത്രയിലാണ് ആസ്ത്രേലിയ കണ്ടുപിടിച്ചത്. പക്ഷെ മൂന്നാം യാത്രയിൽ ഹവായ് ദ്വീപ് വാസികൾ അദ്ദേഹത്തെ കൊലപ്പെടുത്തി.



Vasco da gama

സമുദ്ര വിജ്ഞാനത്തെക്കുറിച്ചുള്ള ആദ്യ പുസ്തകം അമേരിക്കൻ നാവിക ജോലിക്കാരനായ മേത്തോഫൈറ്റൻ **1825** ൽ പ്രസിദ്ധീകരിച്ചു.



മുപ്പത്തി മൂന്നായിരം ടൺ ഭാരമുള്ള ബ്രിട്ടീഷ് കപ്പൽ ചാലഞ്ചേയ്സ് 240 അംഗ പ്രവർത്തകരുമായി പോട്സ് മൻതിൽ യാത്ര തിരിച്ച സമയത്ത് അതായത് **1872** ലാണ് സമുദ്രപര്യവേഷണത്തെുറിച്ചുള്ള ശാസ്ത്രീയ പഠനം ആരംഭിക്കുന്നത്.

മൂന്ന് വർഷത്തിന് ശേഷം ഇതിലെ പ്രവർത്തകരുടെ റിപ്പോർട്ട് **295000** പേജുകളിൽ സമർപ്പിക്കപ്പെട്ടു. അത് 23 വർഷക്കാലം കൊണ്ട് 50 ഭാഗങ്ങളിലായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കപ്പലിലെ പ്രവർത്തകർ **4717** സമുദ്ര ജീവികളെ പിടിക്കുകയും അവയെ ഗ്രൂപ്പുകളായി തരം തിരിക്കുകയും ചെയ്യുകയുണ്ടായി.



Captain James Cook

AL HAQ VOL :20, ISSUE: 12 DECEMBER 2012

121-ാം
**ജൽസാ സാലാനാ**
ഖാദിയാൻ
ഡിസംബർ 29,30,31



بسم الله الرحمٰن الرحيم نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

آؤ لوگو کہ یہیں نورِ خدا پاؤ گے
لو تمہیں طور تسلّی کا بتایا ہم نے
(درثمین)

لا إله إلا الله محمد رسول الله
اللہ کے سوا اور کوئی معبود نہیں محمد ﷺ اللہ کے رسول ہیں
THERE IS NONE WORTHY OF WORSHIP EXCEPT ALLAH
MUHAMMAD IS THE MESSENGER OF ALLAH

ہر طرف آواز دینا ہے ہمارا کام آج
جسکی فطرت نیک ہے آئے گا وہ انجام کار
(درثمین)

AHMADIYYA MUSLIM JAMA'AT INDIA

121ST JALSA SALANA 2012

**29TH, 30TH & 31ST DECEMBER**

At Mohallah Ahmadiyya, Qadian

# PROGRAMME

Apart from the soul inspiring and thought provoking discourse of
**HADHRAT MIRZA MASROOR AHMAD KHALIFATUL MASIH-V**(atba)
The Supreme Head World wide Ahmadiyya Jamaat,
there will be speeches delivered by Ahmadiyya scholars on the following

| | | |
|---|---|---|
| 1. Moulana Kareemuddin Sahib Shahid | : | The Existence of God (In The Light of His Support and assistance to the Prophets and its blessed results |
| 2. Moualana Muhammad Inam Sahib Gori | : | The Life of the Holy Prophet(saw) (in the light of his family life) |
| 3. Moulana Sulthan Ahmad Sahib Zafar | : | The Life of Promised Messiah (as) (His kindness towards his opponents) |
| 4. Moulana Naseem Khan Sahib | : | Social Services of the Jamaat Ahmadiyya |
| 5. Moulana M.Nasir Ahmad Sahib | : | The Truth of the promised Messiah (as) (in the light of Ahmadiyya Jam'at's progress & development.) |
| 6. Moulana Mohammad Hameed Kausar Sahib | : | Grevious condition of the Islamic world due to the farness from Khilafat-e-Ahmadiyya, in islam and its solutions |
| 7. Moulana Abdul Wakeel Niyas Sahib | : | Ahmadiyya Jamaat and its services for the Holy Quran |
| 8. Sheik Mujahid Ahmad Shahstri | : | Khatam-e-Nabuwwat (The seal of Prophet hood) and the Ahmadiyya Jamaat |
| 9. Moualana Syed Kaleemudheen Sahib | : | The Spiritual Revolution that came into existance through the Financial Sacrifices of Jamaat-e-Ahmadiyya |
| 10. Hafiz Maqdoom Shareef Sahib | : | The Blessings of Fith khilafat (Modern Inventions and Directives of Hadhrat Khalifatul Masih V (atba) ) |
| 11.Moulana Tanweer Sahib Khadim | : | The Purpose of Human Life from the Islamic perspective (speech in punjabi language) |

all programmes will be translated into: **Arabic, English, Bangla, Malayalam, Tamil, Kannad, Telugu etc.**

**NAZIR ISLAH-O-IRSHAD, QADIAN, GURDASPUR DISTRICT, PUNJAB**

Chairman Management & Editorial Board : C. Zameem

Printer & Publisher : T.K.Mushtaq Ahmad
Manager : B.M.Shoukath Ali
Layout : Quraish
Chief Editor : H.Shamsuddin
Editor : T.K.Mubashir Ahmad
Members : T.M.Abdul Mujeeb, K.Najmuddin

Not for Sale, Circulation among members only | Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut